THARIODE
NIRMALA HS

# നിർമ്മല ഹൈസ്ക്കൂൾ, തരിയോട്




## അക്കാദമിക മാസ്റ്റർ പ്ലാൻ : 2025-26

## ആമുഖം

വൈത്തിരി താലൂക്കിലെ തരിയോട് ഗ്രാമപഞ്ചായത്തിൽ 1983 ൽ സ്ഥാപിതമായ തരിയോട് നിർമ്മല ഹൈസ്ക്കൂൾ, വയനാട് ജില്ലയിൽ മികച്ച രീതിയിയിൽ പ്രവർത്തിച്ചു വരുന്ന എയിഡഡ് വിദ്യാലയങ്ങളിൽ ഒന്നാണ്. സ്ഥാപക വർഷത്തിൽ 52 വിദ്യാർത്ഥികളും 6 അധ്യാപകരുമാണ് ഈ സ്ഥാപനത്തിൽ ഉണ്ടായിരുന്നത്. 1985 ൽ ആദ്യ ബാച്ചിൽ എസ് എസ് എൽ സി പരീക്ഷയിൽ 100 ശതമാനം വിജയം നേടിക്കൊണ്ടാണ് ഈ വിദ്യാലയം യാത്ര ആരംഭിച്ചത്.

ഇന്ന് 21 ഡിവിഷനുകളിലായി 930 വീദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. ജീവനക്കാരായി ഹെഡ്മാസ്റ്ററും 33 അധ്യാപകരും 5 അനധ്യാപകരും ഉണ്ട്. 319 കുട്ടികൾ എഴുതിയ 2025 മാർച്ച് എസ് എസ് എൽ സി പരീക്ഷയിൽ 100 ശതമാനം വിജയം നേടാൻ കഴിഞ്ഞു. 50 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു.

## ചരിത്രം

1980 ബഹുമാനപ്പെട്ട ജേക്കബ് നരിക്കുഴി അച്ഛൻ തരിയോട് ഇടവകയുടെ വികാരിയായി നിയമിതനായി. അദ്ദേഹത്തിന്റെ ശ്രമഫലമായി നിർമ്മല ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. സമീപ പ്രദേശങ്ങളിൽ ഉള്ള സ്കൂളുകളിൽ അക്കാലത്ത് രൂക്ഷമായ അധ്യാപക ക്ഷാമം അനുഭവപ്പെട്ടിരുന്നു അതിനാൽ വിദ്യാർഥികളുടെ പഠനം തടസ്സപ്പെടുന്ന സ്ഥിതിവിശേഷം ആണ് ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ തരിയോട് എട്ടാംമൈലിൽ ഒരു ഹൈസ്കൂൾ തുടങ്ങുന്നതിന് ബഹുമാനപ്പെട്ട ജേക്കബ് നരിക്കുഴി അച്ചൻ നേതൃത്വം നൽകി. 1982 തരിയോട് സെൻമേരിസ് യുപി സ്കൂൾ കെട്ടിടത്തിൽ 25 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിക്കൊണ്ട് ഹൈസ്കൂളിന് പ്രവർത്തനമാരംഭിച്ചു. യുപി സ്കൂൾ ഹെഡ്മാസ്റ്ററായ ശ്രീ കെ ചാണ്ടി സാറിന്റെ നേതൃത്വത്തിൽ ശ്രീ പി.എൻ.പ്രഭാകരൻ, ശ്രീമതി അന്നമ്മ, സി. മേരി.കെ.റ്റി, ശ്രീമതി കുഞ്ഞുമോൾ ജോസഫ് എന്നി അധ്യാപകരുടെ സേവനം ഇതിനായി ഉപയോഗിച്ചു.

ശ്രീ കെ ഐ ചാണ്ടി സാർ, ശ്രീ തറപ്പത്ത് വക്കച്ചൻ, ശ്രീ എ.എസ്.ജോർജ്, ശ്രീ ഇ.സെബാസ്റ്റ്യൻ, ശ്രീ കുര്യൻ വേങ്ങ ചുവട്ടിൽ. ശ്രീ ടി.സി .തോമസ് മാസ്റ്റർ, ശ്രീ ജോസഫ് തുറുവേലികുന്നേൽ, ശ്രീ വക്കച്ചൻ മുത്തങ്ങാപറമ്പിൽ. ശ്രീ വക്കച്ചൻ കുവയ്ക്കൽ, ശ്രീ ടി.സി.ജോൺ, ശ്രീ ദേവസ്യ തലച്ചിറ, ശ്രീ കുര്യാക്കോസ് മറ്റത്തുമലയിൽ എന്നീ കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവക ജനത്തിന്റെ നിസ്വാർത്ഥ പരിശ്രമങ്ങളോടെ

ഹൈസ്കൂളിന് സ്വന്തമായ ഒരു കെട്ടിടം എന്ന സ്വപ്നം യഥാർത്ഥമായി. 1983 ഹൈസ്കൂളിന് അംഗീകാരം ലഭിക്കുകയും നിർമ്മല ഹൈസ്കൂൾ ആരംഭിക്കുകയും ചെയ്തു.

ശ്രീ. എ.എസ് ജോർജ് മാസ്റ്റർ പ്രഥമ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി. 1985 100% വിജയത്തോടെ ആദ്യ എസ്. എസ്. എൽ. സി ബാച്ച് പുറത്തിറങ്ങി. തുടർന്നിങ്ങോട്ട് പഠന നിലവാരത്തിലും കലാ കായിക രംഗത്തും വയനാട് ജില്ലയിലെ മുൻനിരയിലുള്ള വിദ്യാലയങ്ങളിൽ ഒന്നായി മാറി നിർമ്മല ഹൈസ്കൂൾ. 25 വിദ്യാർത്ഥികളുമായി തുടങ്ങിയ ഈ വിദ്യാലയത്തിൽ ഇന്ന് 20 ഡിവിഷനുകളിലായി ആയിരത്തിലധികം വിദ്യാർഥികൾ വിദ്യ അഭ്യസിക്കുന്നു. തോട്ടം മേഖലയിലെ തൊഴിലാളികളുടെയും ചെറുകിട ആദിവാസി തൊഴിലാളികളുടേയും കുട്ടികളാണ് ഈ വിദ്യാലയത്തിൽ ഭൂരിഭാഗവും. ഇവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ സാധിക്കുന്നു എന്നത് ഈ വിദ്യാലയത്തിന്റെ മേന്മയാണ്. പഠനനിലവാരം അതോടൊപ്പം തന്നെ കലാകായിക രംഗങ്ങളിലും സംസ്ഥാന-ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്.

ജില്ലയിലെ മികച്ച സ്കൗട്ട്, ഗൈഡ്, ജെ.ആർ.സി, എൻ സി സി, എസ് പി സി യൂണിറ്റുകളാണ് ഇവിടെയുള്ളത്. വിവിധതരം ക്ലബ്ബുകളുടെ പ്രവർത്തനത്തിലൂടെ വിദ്യാർത്ഥികളിലെ ശാസ്ത്രബോധവും സർഗ്ഗാത്മകതയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനവും ഇവിടെ നടക്കുന്നു. കുട്ടികളിലെ വായനാശീലം വളർത്തുന്നതിനു ഉതകുന്ന നല്ലൊരു ലൈബ്രറിയാണ് ഇവിടെയുള്ളത്. ഐ.സി.റ്റി പഠനത്തിനായി കമ്പ്യൂട്ടർ ലാബ് ഇവിടെ പ്രവർത്തിക്കുന്നു. ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് പ്രത്യേക ലാബ് സൗകര്യവുമുണ്ട്.

1983 മുതൽ 2006 വരെ റവ. ഫാദർ ജേക്കബ് നൽകുകയും തുടർന്ന് 2013 വരെ റവ.ഫാദർ മാത്യു പൈക്കാട്ട് 2017 വരെ റവ.ഫാദർ ജോണി ക്കുന്നതും 2019വരെ റവ.ഫാദർ ജെയിംസ് കുന്നത്തേടും സ്കൂളിന്റെ മാനേജർമാർ ആയിരുന്നു. ഇപ്പോൾ സ്കൂളിൻറെ മാനേജർ പദം അലങ്കരിക്കുന്നത് ഫാദർ തോമസ് പ്ലാശനാൽ ആണ്.

ആദ്യ ഹെഡ്മാസ്റ്ററായി സേവനം ചെയ്തത് ശ്രീ എ. എസ്. ജോർജ്ജ് മാസ്റ്റർ ആയിരുന്നു. 1985 മുതൽ 18 വർഷക്കാലം സിസ്റ്റർ മേരിയും തുടർന്ന് ശ്രീ. ഐസക് കെ. എ, ശ്രീ മത്തായി സി.യു, ശ്രീമതി കുഞ്ഞുമോൾ ജോസഫ്, ശ്രീ. എം കുര്യൻ, ശ്രീ സിറിയക് ഐസക്, ശ്രീമതി ഗ്ലാഡീസ് ജോർജ്, ശ്രീമതി ബീന വി വള്ളോപ്പിള്ളി എന്നിവർ പ്രധാനാധ്യാപകരായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ ശ്രീ ജോബി മാനുവൽ ആണ് സ്കൂളിന്റെ പ്രധാനാധ്യാപകൻ.

## സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| School Name | : Nirmala H S Thariode |
| School Code | : 15020 |
| Sub District | : Vythiri |
| Edu. District | : Wayanad |
| Revenue District | : Wayanad |
| Established Year | : 1983 |
| Post | : Thariode |
| Grama Panchayath | : Thariyode |
| Parliamentary Constituency | : Wayanad |
| Assembly Constituency | : Kalpetta |
| Taluk | : Vythiri |
| Pincode | : 673575 |
| School Management Type | : Aided |
| School Type | : Mixed |
| School Habitation | : Rural |
| Exam Centre Code | : 15020 |
| UDISE Code | : 32030300813 |
| School Section | : HS Only |
| School Leve | : 8-10 |
| Year Of Recognition | : 1983 |
| School Phone | : 04936250633 |
| Headmaster Name | : Joby Manuel |
| Headmaster Phone | : 9447491601 |
| School Email | : nhsthariode@gmail.com |
| PTA President Name | : Dency John |
| PTA President Mobile Number | : 9847262101 |
| Mother PTA Name | : Divya Pratheesh |
| Mother PTA Mobile Number | : 8547570176 |
| School Website | : www.Nirmalahsthariode.Arividam.Org |
| School Category | : Minority |
| SITC Name | : Mobin K George |
| SITC Mobile Number | : 9744199232 |
| Instruction Medium | : Malayalam and English |

# തരിയോട് നിർമ്മല ഹൈസ്കൂൾ ഇന്ന്

ആകെ കുട്ടികൾ (2025 – 26)

| STD | DIVS | TOTAL | | | SC | | | ST | | |
|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 8 | 7 | 154 | 145 | 299 | 8 | 11 | 19 | 9 | 8 | 17 |
| 9 | 7 | 166 | 161 | 327 | 10 | 11 | 21 | 9 | 13 | 22 |
| 10 | 7 | 143 | 161 | 304 | 10 | 11 | 21 | 11 | 12 | 23 |
| Total | | 463 | 467 | 930 | 28 | 33 | 61 | 29 | 38 | 62 |

| മീഡിയം അടിസ്ഥാനമാക്കി കുട്ടികളുടെ എണ്ണം (2023-24) | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | MALAYALAM | | | ENGLISH | | | TOTAL | | |
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 8 | 73 | 65 | 138 | 81 | 80 | 161 | 154 | 145 | 299 |
| 9 | 69 | 74 | 143 | 97 | 87 | 184 | 166 | 161 | 327 |
| 10 | 78 | 78 | 156 | 65 | 83 | 148 | 143 | 161 | 304 |
| Total | 220 | 217 | 437 | 243 | 250 | 393 | 463 | 467 | 930 |

| Nirmala HS Thariode | | | SSLC Result | | |
|---|---|---|---|---|---|
| No | Year | No. of Students appeared | No. of Students passed | Percentage | Full A+ |
| 1 | 1985 | 25 | 25 | 100.00 | |
| 2 | 1986 | 100 | 98 | 98.00 | |
| 3 | 1987 | 197 | 160 | 81.22 | |
| 4 | 1988 | 200 | 160 | 80.00 | |
| 5 | 1989 | 210 | 145 | 69.05 | |
| 6 | 1990 | 165 | 124 | 75.15 | |
| 7 | 1991 | 225 | 190 | 84.44 | |
| 8 | 1992 | 225 | 215 | 95.56 | |
| 9 | 1993 | 224 | 185 | 82.59 | |
| 10 | 1994 | 215 | 154 | 71.63 | |
| 11 | 1995 | 230 | 188 | 81.74 | |
| 12 | 1996 | 212 | 165 | 77.83 | |
| 13 | 1997 | 215 | 161 | 74.88 | |
| 14 | 1998 | 220 | 198 | 90.00 | |
| 15 | 1999 | 225 | 211 | 93.78 | |
| 16 | 2000 | 230 | 215 | 93.48 | |
| 17 | 2001 | 230 | 198 | 86.09 | |
| 18 | 2002 | 232 | 225 | 96.98 | |
| 19 | 2003 | 272 | 267 | 98.16 | |
| 20 | 2004 | 270 | 261 | 96.67 | |
| 21 | 2005 | 243 | 213 | 87.65 | |
| 22 | 2006 | 235 | 225 | 95.74 | |
| 23 | 2007 | 271 | 270 | 99.63 | |
| 24 | 2008 | 257 | 254 | 98.83 | |
| 25 | 2009 | 239 | 237 | 99.16 | |
| 26 | 2010 | 276 | 276 | 100.00 | |
| 27 | 2011 | 275 | 273 | 99.27 | |
| 28 | 2012 | 279 | 279 | 100.00 | |
| 29 | 2013 | 331 | 329 | 99.40 | |
| 30 | 2014 | 274 | 269 | 98.18 | |
| 31 | 2015 | 323 | 323 | 100.00 | |
| 32 | 2016 | 334 | 334 | 100.00 | 25 |
| 33 | 2017 | 331 | 330 | 99.70 | 24 |
| 34 | 2018 | 294 | 294 | 100.00 | 31 |
| 35 | 2019 | 349 | 349 | 100.00 | 36 |
| 36 | 2020 | 352 | 348 | 98.86 | 36 |
| 37 | 2021 | 314 | 314 | 100.00 | 115 |
| 38 | 2022 | 364 | 364 | 100.00 | 32 |
| 39 | 2023 | 330 | 330 | 100.00 | 46 |
| 40 | 2024 | 274 | 273 | 99.96 | 55 |
| 41 | 2025 | 319 | 319 | 100 | 50 |

# 2025 എസ് എസ് എൽ സി പരീക്ഷാഫലം- വിശകലനം

| WAYANAD DISTRICT **99.59** | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| **No.** | **Subject** | **A+** | **A** | **B+** | **B** | **C+** | **C** | **D+** | **D** | **Absents** |
| 1 | Malayalam I | 56.42 | 13.68 | 12.03 | 9.29 | 5.27 | 2.89 | 0.41 | 0.00 | 0.02 |
| 2 | Malayalam II | 67.77 | 14.95 | 8.57 | 5.28 | 2.29 | 1.08 | 0.03 | 0.00 | 0.02 |
| 3 | ENGLISH | 24.31 | 12.23 | 13.07 | 14.72 | 15.49 | 14.28 | 5.76 | 0.13 | 0.02 |
| 4 | Hindi | 27.71 | 13.50 | 16.42 | 17.57 | 14.67 | 9.52 | 0.58 | 0.00 | 0.03 |
| 5 | SOCIAL SCIENCE | 22.01 | 11.38 | 11.92 | 14.14 | 16.19 | 16.21 | 8.08 | 0.04 | 0.03 |
| 6 | PHYSICS | 24.43 | 10.15 | 12.90 | 15.51 | 16.86 | 14.16 | 5.89 | 0.07 | 0.03 |
| 7 | CHEMISTRY | 30.90 | 11.92 | 12.97 | 14.32 | 15.05 | 11.76 | 2.95 | 0.09 | 0.03 |
| 8 | BIOLOGY | 28.57 | 10.95 | 12.97 | 14.33 | 15.61 | 13.68 | 3.77 | 0.09 | 0.04 |
| 9 | MATHEMATICS | 19.43 | 8.68 | 10.43 | 13.63 | 19.03 | 20.39 | 8.28 | 0.09 | 0.03 |
| 10 | ICT | 68.69 | 20.24 | 8.50 | 2.33 | 0.24 | 0.00 | 0.00 | 0.00 | 0.00 |
| NHS THARIODE 100 % | | | | | | | | | | |
| No. | Subject | A+ | A | B+ | B | C+ | C | D+ | D | Absents |
| 1 | MALAYALAM I | 70.85 | 13.17 | 10.97 | 3.45 | 1.57 | 0.00 | 0.00 | 0.00 | 0.00 |
| 2 | MALAYALAM II | 78.68 | 13.17 | 6.27 | 0.63 | 1.25 | 0.00 | 0.00 | 0.00 | 0.00 |
| 3 | ENGLISH | 27.90 | 15.05 | 11.60 | 12.54 | 14.11 | 14.73 | 4.08 | 0.00 | 0.00 |
| 4 | HINDI | 32.29 | 15.05 | 17.87 | 14.73 | 14.73 | 5.33 | 0.00 | 0.00 | 0.00 |
| 5 | SOCIAL SCIENCE | 25.39 | 15.05 | 13.48 | 11.91 | 13.17 | 14.11 | 6.90 | 0.00 | 0.00 |
| 6 | PHYSICS | 38.56 | 13.48 | 14.73 | 13.79 | 11.29 | 6.58 | 1.57 | 0.00 | 0.00 |
| 7 | CHEMISTRY | 49.53 | 13.17 | 15.05 | 13.48 | 6.58 | 2.19 | 0.00 | 0.00 | 0.00 |
| 8 | BIOLOGY | 41.07 | 12.85 | 14.42 | 9.72 | 12.85 | 8.15 | 0.94 | 0.00 | 0.00 |
| 9 | MATHEMATICS | 25.71 | 10.66 | 10.66 | 11.91 | 18.81 | 17.55 | 4.70 | 0.00 | 0.00 |
| 10 | ICT | 78.10 | 18.25 | 3.28 | 0.36 | 0.00 | 0.00 | 0.00 | 0.00 | 0.00 |

NHS Thariode SSLC Result 2025 Total

| No. | Subject | A+ | A | B+ | B | C+ | C | D+ | D | Total |
|---|---|---|---|---|---|---|---|---|---|---|
| 1 | MALAYALAM I | 226 | 42 | 35 | 11 | 5 | 0 | 0 | 0 | 319 |
| 2 | MALAYALAM II | 251 | 42 | 20 | 2 | 4 | 0 | 0 | 0 | 319 |
| 3 | ENGLISH | 89 | 48 | 37 | 40 | 45 | 47 | 13 | 0 | 319 |
| 4 | THIRD LANGUAGE | 103 | 48 | 57 | 47 | 47 | 17 | 0 | 0 | 319 |
| 5 | SOCIAL SCIENCE | 81 | 48 | 43 | 38 | 42 | 45 | 22 | 0 | 319 |
| 6 | PHYSICS | 123 | 43 | 47 | 44 | 36 | 21 | 5 | 0 | 319 |
| 7 | CHEMISTRY | 158 | 42 | 48 | 43 | 21 | 7 | 0 | 0 | 319 |
| 8 | BIOLOGY | 131 | 41 | 46 | 31 | 41 | 26 | 3 | 0 | 319 |
| 9 | MATHEMATICS | 82 | 34 | 34 | 38 | 60 | 56 | 15 | 0 | 319 |
| 10 | IT | 246 | 50 | 23 | 0 | 0 | 0 | 0 | 0 | 319 |

## ഭൗതിക സാഹചര്യങ്ങൾ

| | |
|---|---|
| ക്ലാസ് മുറികൾ | : 43 |
| സ്മാർട്ട് ക്ലാസ് മുറികൾ | : 27 |
| കമ്പ്യൂട്ടർ ലാബ് | : 2 |
| സയൻസ് ലാബ് | : 1 |
| സ്കൂൾ ലൈബ്രറി | : 1 |
| സ്കൂൾ ബസ് | : 8 |
| പബ്ലിക് അഡ്രസ്സ് സിസ്റ്റം | : 1 |
| പോർട്ടബിൾ സ്പീക്കർ | : 2 |
| സോളാർ എനർജി | : 5 kw |
| കാന്റീൻ | : 1 |

ഭൗതിക പരിമിതികൾ

1. ഓഡിറ്റോറിയത്തിന്റെ പരിമിതി
2. ഓഡിറ്റോറിയത്തിൽ അവശ്യമായ ഇരിപ്പിടങ്ങളുടെ കുറവ്
3. കളിസ്ഥലത്തിന്റെ അപര്യാപ്തത
4. പൊതു ഗതാഗത സൌകര്യങ്ങളുടെ അഭാവം
5. ഭക്ഷണശാലയുടെ അപര്യാപ്തത
6. മേൽക്കൂരയുള്ള അസംബ്ലി ഏരിയയുടെ അഭാവം

അക്കാദമിക പരിമിതികൾ

1. ഈ വിദ്യാലയത്തിൽ എട്ടാം ക്ലാസിൽ അഡ്മിഷൻ നേടുന്ന 20% കുട്ടികളെങ്കിലും അക്ഷരപരിജ്ഞാനവും അടിസ്ഥാന ഗണിത ക്രിയകളും അറിയാത്തവരാണ്.
2. 9, 10 ക്ലാസുകളിലെ കുട്ടികളിലും അക്ഷരപരിജ്ഞാനവും അടിസ്ഥാന ഗണിത ക്രിയകളും അറിയാത്തവർ 10 ശതമാനത്തോളം ഉണ്ട്.
3. വായനയോടുള്ള കുട്ടികളുടെ വിമുഖത.
4. ഭൂരിപക്ഷം കുട്ടികളും വളരെ ദൂരെനിന്ന് വരുന്നവരായതിനാൽ പരിശീലനത്തിന് അധികസമയം കണ്ടെത്താനുള്ള ബുദ്ധിമുട്ട്

വിദ്യാലയത്തിന്റെ നേട്ടങ്ങൾ

1. എസ് എസ് എൽ സി പരീക്ഷയിൽ തുടർച്ചയായി 100 ശതമാനം വിജയം.
2. എസ് എസ് എൽ സി പരീക്ഷയിൽ എ പ്ലസുകളുടെ എണ്ണത്തിൽ മുൻനിരയിൽ
3. എസ് എസ് എൽ സി പരീക്ഷയിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.
4. സ്കൗട്ട്സ്, ഗൈഡ്സ്, എൻ സി സി, എസ് പി സി, ജെ ആർ സി, ലിറ്റിൽ കൈറ്റ്സ്, വിദ്യാരംഗം, മാത്സ് ക്ലബ്, സയൻസ് ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, പ്രവർത്തി പരിചയ ക്ലബ്, എൻ ജി സി എന്നീ ക്ലബുകൾ പ്രവർത്തിക്കുന്നു. അവയിൽ ജില്ലാ, സംസ്ഥാന, ദേശീയതല അംഗീകാരങ്ങൾ.
5. ഗണിതശാസ്ത്രമേള, പ്രവർത്തി പരിചയമേള, കായികമേള, കലാമേള എന്നിവയിൽ ജില്ലാതലം, സംസ്ഥാനതലം അംഗീകാരങ്ങൾ.
6. എനർജി ക്ലബ് ജില്ലാതല അംഗീകാരം.

കൈവരിക്കേണ്ട ലക്ഷ്യങ്ങൾ

1. എസ് എസ് എൽ സി പരീക്ഷയിൽ ഈ വർഷവും 100 ശതമാനം വിജയം.
2. എസ് എസ് എൽ സി പരീക്ഷയിൽ എ പ്ലസുകളുടെ എണ്ണം പരീക്ഷ എഴുതുന്ന കുട്ടികളുടെ 30% ആയി ഉയർത്തുക
3. അക്ഷരജ്ഞാനം ഇല്ലാത്ത കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ അടിസ്ഥാന പരിശീലനം നൽകുക.
4. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം അശയവിനിമയം നടത്താനുള്ള കഴിവ്.
5. കലാ കായിക പ്രവർത്തി പരിചയ രംഗങ്ങളിൽ മികവ് തെളിയിക്കാൻ കൂടുതൽ അവസരങ്ങൾ.
6. ടോട്ടൽ കാമ്പസ് എന്ന നിലയിൽ വിദ്യാലയത്തെ മാറ്റി എടുക്കുക.
7. കുട്ടികൾക്ക് തൊഴിൽ പരിശീലനത്തിന് അവസരം
8. പൂർണമായി വിദ്യാർത്ഥി സൌഹൃദവിദ്യാലയമായി സ്കൂളിനെ മാറ്റുക
9. ഓരോ വിദ്യാർത്ഥിക്കും സ്വയം പ്രകാശനത്തിനുള്ള അവസരം ഒരുക്കുക
10. പരിസ്ഥിതി സംരക്ഷണ ബോധവും മാലിന്യമുക്ത പ്രവർത്തനങ്ങളും നടപ്പിലാക്കുക
11. ഭിന്നശേഷി സൌഹൃദവിദ്യാലയമായി സ്കൂളിനെ മാറ്റുക
12. പെൺകുട്ടികൾക്ക് അഭിമാനത്തോടെ വളരാനുള്ള അവസരം ഒരുക്കുക
13. സാമൂഹ്യവിപത്തായ ലഹരിക്കെതിരായ പ്രവർത്തനങ്ങൾ നടപ്പാക്കുക
14. അദ്ധ്യാപക ശാക്തീകരണപ്രവർത്തനങ്ങൾ എറ്റെടുക്കുക

## എസ് എസ് എൽ സി പരീക്ഷയിൽ ഈ വർഷവും 100 ശതമാനം വിജയം നേടുക

1. പാദവാർഷിക പരീക്ഷാഫലത്തെ അടിസ്ഥാനപ്പെടുത്തി വിദ്യാർത്ഥികളെ 3 ഗ്രൂപ്പുകളായി തിരിക്കുന്നു.

   ഗ്രൂപ്പ് 1- മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടാൻ സാധ്യതയുള്ള കുട്ടികൾ

   ഗ്രൂപ്പ് 2 - ശരാശരി പഠനനിലവാരം പുലർത്തുന്ന കുട്ടികൾ

   ഗ്രൂപ്പ് 3 - പഠനനിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾ.

2. മൂന്നു ഗ്രൂപ്പുകാർക്കും അനുയോജ്യമായ പഠന തന്ത്രങ്ങൾ ഉപയോഗിക്കുന്നു.

   <u>ഗ്രൂപ്പ് 1.</u>

   a. രക്ഷിതാക്കൾക്കും കുട്ടികൾക്കും മോട്ടിവേഷൻ ക്ലാസ്
   b. രാവിലേയും (9.15-9.40) വൈകുന്നേരവും (4.15 – 4.45) പ്രത്യേക ക്ലാസ്
   c. ഓരോ പാഠഭാഗത്തുനിന്നും കൂടുതൽ പഠനപ്രവർത്തനങ്ങളും ചോദ്യങ്ങളും
   d. പഴയ ചോദ്യപ്പേപ്പറുകളുടെ ചർച്ച
   e. ക്ലാസ് ടെസ്റ്റുകൾ
   f. വിദഗ്ധരുടെ ക്ലാസുകൾ
   g. നൈറ്റ് ക്ലാസ്
   h. ശനിയാഴ്ച്ചകളിൽ സ്പെഷ്യൽ ക്ലാസുകൾ
   i. പാഠഭാഗങ്ങളുടെ റിവിഷൻ
   j. 2026 ജനുവരി 1 മുതൽ 8 മണി മുതൽ 4 മണി വരെ പ്രത്യേക പഠന ക്യാമ്പ്

   <u>ഗ്രൂപ്പ് 2.</u>

   a. രക്ഷിതാക്കൾക്കും കുട്ടികൾക്കും മോട്ടിവേഷൻ ക്ലാസ്
   b. രാവിലേയും (9.15-9.40) വൈകുന്നേരവും (4.15 – 4.45) പ്രത്യേക ക്ലാസ്
   c. ഓരോ പാഠഭാഗത്തുനിന്നും കൂടുതൽ പഠനപ്രവർത്തനങ്ങളും ചോദ്യങ്ങളും
   d. പഴയ ചോദ്യപ്പേപ്പറുകളുടെ ചർച്ച
   e. ക്ലാസ് ടെസ്റ്റുകൾ
   f. വിദഗ്ധരുടെ ക്ലാസുകൾ
   g. നൈറ്റ് ക്ലാസ്
   h. ശനിയാഴ്ച്ചകളിൽ സ്പെഷ്യൽ ക്ലാസുകൾ
   i. പാഠഭാഗങ്ങളുടെ റിവിഷൻ

j. 2026 ജനുവരി 1 മുതൽ 8 മണി മുതൽ 4 മണി വരെ പ്രത്യേക പഠന ക്യാമ്പ്

<u>ഗ്രൂപ്പ് 3.</u>

a. രക്ഷിതാക്കൾക്കും കുട്ടികൾക്കും മോട്ടിവേഷൻ ക്ലാസ്
b. രാവിലേയും (9.15-9.40) വൈകുന്നേരവും (4.15 – 4.45) പ്രത്യേക ക്ലാസ്
c. ഓരോ പാഠഭാഗത്തുനിന്നും അവർക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങളും ചോദ്യങ്ങളും ഉത്തരങ്ങളും തയ്യാറാക്കി നല്കുന്നു
d. പിയർ ഗ്രൂപ്പ് പഠനം
e. ലഘുവായ ക്ലാസ് ടെസ്റ്റുകൾ
f. നൈറ്റ് ക്ലാസ്
g. ശനിയാഴ്ച്ചകളിൽ സ്പെഷ്യൽ ക്ലാസുകൾ
h. പാഠഭാഗങ്ങളുടെ റിവിഷൻ
i. 2026 ജനുവരി 1 മുതൽ 8 മണി മുതൽ 4 മണി വരെ പ്രത്യേക പഠന ക്യാമ്പ്

**മേഖല**

വായന

**ഉപമേഖല**

ലൈബ്രറി നവീകരണം

വീഡിയോ, നെറ്റ് സംവിധാനം എന്നിവ ഉൾപ്പെടുത്തി സ്കൂൾ ലൈബ്രറി നവീകരിക്കുന്നു. കുട്ടികൾക്ക് ആവശ്യാനുസരണം തെരഞ്ഞെടുക്കുന്നതിന് പുസ്തകങ്ങളുടെ ലിസ്റ്റ് കമ്പ്യൂട്ടറിൽ ലഭ്യമാക്കുന്നു. പുസ്തകങ്ങൾ ഇനം തിരിച്ച് ക്രമീകരിക്കുന്നു. സ്കൂൾ ലൈബ്രറി വായനശാല കൂടിയായി പ്രവർത്തിക്കും. 'കുട്ടിക്കൂട്ടം' കുട്ടികളുടെ സഹായത്തോടെ കമ്പ്യൂട്ടർ വൽക്കരണം.

**ലക്ഷ്യങ്ങൾ**

1. വായനയെ പരിപോഷിപ്പിക്കുക
2. 'സ്കൂൾ എന്റെ ഇഷ്ടയിടം' - ആയി പരിവർത്തിപ്പിക്കുക
3. ടോട്ടൽ ക്യാമ്പസ് എന്ന നിലയിൽ വിദ്യാലയത്തെ മാറ്റിയെടുക്കുക.
4. അമ്മ വായനയെ പ്രോത്സാഹിപ്പിക്കുക

5. കുട്ടികൾക്ക് തൊഴിൽ പരിശീലനം (മലയാളം ടൈപ്പിംഗ്)

## പ്രവർത്തനങ്ങൾ

1. പുസ്തകസമാഹരണം: രക്ഷിതാക്കളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുന്നു. അഭ്യുദയകാംക്ഷികളിൽ നിന്ന് നേരിട്ട് പുസ്തകങ്ങൾ സമാഹരിക്കുന്നു. പൂർവ്വവിദ്യാർത്ഥികളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുന്നു.
2. ടെലിവിഷൻ, പ്രൊജക്റ്റർ, വിഡിയോകൾ, നെറ്റ്കണക്ഷൻ, കമ്പ്യൂട്ടറുകൾ, അലമാരകൾ, ബെഞ്ച്, ഡസ്ക് എന്നിവ ലഭ്യമാക്കുക.

## നിർവ്വഹണ ചുമതല

ലൈബ്രേറിയൻ, എസ് ആർ ജി കൺവീനർ, ഭാഷാധ്യാപകർ, പി.റ്റി.എ പ്രസിഡ ്, സ്കൂൾ ലീഡർ, വിദ്യാരംഗ കൺവീനർ

### ധനകാര്യ വിശകലനം

| | | |
|---|---|---|
| ടെലിവിഷൻ | : | 30/- |
| വിഡിയോകൾ | : | 15,000 |
| പ്രൊജക്റ്റർ | : | 25,000 |
| അലമാര | : | 30,000 |
| കസേര | : | 5,000 |

### പ്രതീക്ഷിത വരുമാനം

| | | |
|---|---|---|
| സ്കൂൾ ഫ ് | : | 30,000 |
| സംഭാവന | : | 20,000 |
| ജില്ലാ പഞ്ചായത്ത് | : | 25,000 |
| കാലയളവ് | : | 3 വർഷം (ദീർഘകാലം) |

### മോണിറ്ററിങ്:

പി.റ്റി.എ പ്രസിഡ ്, ഹെഡ്മാസ്റ്റർ, വാർഡ്മെമ്പർ, എസ് ആർ ജി കൺവീനർ

### മേഖല

വായന

### ഉപമേഖല

ക്ലാസ്ലൈബ്രറി

വ്യത്യസ്തനിലവാരങ്ങളിലുള്ള കുട്ടികൾക്ക് അവരുടെ അഭിരുചിക്ക് ഇണങ്ങുന്ന പുസ്തകങ്ങൾ വായിക്കാനുള്ള അവസരം നൽകണം. പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിലും വിതരണത്തിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കും. സൗകര്യപ്പെടുന്ന സമയങ്ങളിൽ പുസ്തകം ലഭ്യമാക്കണം. പാഠഭാഗങ്ങളുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ പുസ്തകത്തിന്റെ ഉള്ളടക്കമായി വരണം. ഇത് കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കും.

### ലക്ഷ്യങ്ങൾ

1. വായനയെ പരിപോഷിപ്പിക്കുക

2. അമ്മ വായനയെ പ്രോത്സാഹിപ്പിക്കുക
3. കുട്ടികൾക്ക് തൊഴിൽ പരിശീലനം (മലയാളം ടൈപ്പിംഗ്)

**പ്രവർത്തനങ്ങൾ**

**പുസ്തകസമാഹരണം:** പിറന്നാൾ സമ്മാനം

ജന്മദിനത്തിൽ കുട്ടികൾ ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം സമ്മാനിക്കുന്നു. സ്കൂൾ അസംബ്ലിയിൽ അവർക്ക് ജന്മദിനാശംസകൾ നേരുന്നു. ക്ലാസ് പി. റ്റി. എ ദിനങ്ങളിൽ രക്ഷിതാക്കൾ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം സമ്മാനിക്കാൻ അവസരം നല്കും. സ്കൂൾ വാർഷികദിനങ്ങളിലും പൂർവ്വവിദ്യാർത്ഥിസംഗമദിനങ്ങളിലും 'ഇഷ്ടവിദ്യാലയത്തിന് എന്റെ സമ്മാനം' എന്ന നിലയിൽ പുസ്തകങ്ങൾ ലൈബ്രറിക്ക് സമ്മാനിക്കാൻ അവസരം. - ലൈബ്രേറിയനെ തിരഞ്ഞെടുക്കൽ, സജ്ജീകരണം

**നിർവ്വഹണ ചുമതല**

ക്ലാസ് ടീച്ചർ, ഭാഷാദ്ധ്യാപകൻ, ക്ലാസ് ലൈബ്രേറിയൻ, ക്ലാസ് ലീഡർ, ക്ലാസ് പി.റ്റി.എ പ്രസിഡ

**ധനകാര്യ വിശകലനം**

| | | | |
|---|---|---|---|
| പുസ്തകം സൂക്ഷിക്കാനുള്ള ബോക്സ് | | - | 1000/- |
| പുസ്തകം | | - | 5000/- |
| രജിസ്റ്റർ | | - | 200/- |
| ചെലവ് | ആകെ | - | 6200 |

**വരുമാനം:**

| | | |
|---|---|---|
| പിറന്നാൾ സമ്മാനം | - | 2000 |
| പൂർവ്വ വിദ്യാർത്ഥികൾ | - | 2000 |
| രക്ഷിതാക്കൾ | - | 2000 |
| ഇതരമാർഗ്ഗങ്ങൾ | - | 200 |
| | | 6200 |

**മേഖല**

സർഗ്ഗാത്മകം (ആത്മപ്രകാശനം)

**ഉപമേഖല**

സ്കൂൾ ഫെസ്റ്റ്

അദ്ധ്യയന വർഷത്തിൽ 2 ദിവസം കുട്ടികൾക്ക് ആത്മപ്രകാശനത്തിന് അവസരം നല്കും. കുട്ടികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാനും അവർക്ക് കിട്ടിയ അംഗീകാരങ്ങൾ സഹപാഠികളെയും രക്ഷിതാക്കളെയും അറിയിക്കാനുള്ള അവസരമായി മാറും സ്കൂൾ ഫെസ്റ്റുകൾ. വ്യത്യസ്ത നിലവാരങ്ങളിൽപ്പെട്ട കുട്ടികളുടെ അഭിരുചികൾ തിരിച്ചറിയാനുള്ള വേദിയായിരിക്കും ഇത്. അദ്ധ്യാപകർക്ക് കുട്ടികളെ അറിഞ്ഞ് പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യാൻ ഇത് ഉപകരിക്കും.

**ലക്ഷ്യങ്ങൾ**

1. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ്.
2. കുട്ടികൾക്ക് തൊഴിൽ പരിശീലനം
3. കലാകായികസാഹിത്യ രംഗങ്ങളിൽ മികവ് തെളിയിക്കാനുള്ള അവസരം.
4. സ്കൂൾ എന്റെ ഇഷ്ട ഇടം എന്ന നിലയിൽ വിദ്യാത്ഥി സൗഹൃദ പരമായി വികസിക്കുക.
5. ഓരോ വിദ്യാർത്ഥിക്കും സ്വയം പ്രകാശനത്തിനുള്ള അവസരം ഒരുക്കുക (ടാലന്റ് ലാബ്)
6. രക്ഷിതാക്കൾക്ക് സ്വന്തം കുട്ടികളുടെ കഴിവുകൾ കാണാനും മനസ്സിലാക്കാനും അവസരം നല്കുക.
7. ഭിന്നശേഷിക്കാർക്ക് അവസരങ്ങൾ ഒരുക്കുക.

**പ്രവർത്തനം**

1. കുട്ടികൾക്ക് നിർദ്ദേശങ്ങൾ നൽകുക
2. പ്രചാരണ പരിപാടികൾ (നോട്ടീസ്......)
3. എക്സിബിഷൻ ഹാളുകൾ സജ്ജീകരിക്കൽ
4. ഉല്പന്നങ്ങൾ ക്രമീകരിക്കൽ
5. വളണ്ടിയർമാരെ തിരഞ്ഞെടുക്കൽ
6. മാധ്യമ ശ്രദ്ധക്ഷണിക്കൽ
7. അംഗീകാരം

**നിർവ്വഹണം**

സ്കൂൾ ലീഡർ, ക്ലാസ് ലീഡർമാർ, ക്ലാസ് അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധികൾ, ഹെഡ്മാസ്റ്റർ, എസ് ആർ ജി കൺവീനർ

**ധനകാര്യ വിശകലനം**

| | | |
|---|---|---|
| നോട്ടീസ് | - | 1000 |
| സജ്ജീകരണം (കയർ, ക്ലിപ്പുകൾ, പേപ്പർ) | - | 1000 |
| അലങ്കാരം | - | 1000 |
| റിഫ്രഷ്മെന്റ് | - | 5000 |
| | | 8000 |

**വരുമാനം**

സ്കൂൾ ഫ ് - 8000

**മോണിറ്ററിങ്**

പി. റ്റി. എ പ്രസിഡ ്, മദർ പി റ്റി എ, എസ് ആർ ജി കൺവീനർ, ഹെഡ്മാസ്റ്റർ, പി ഇ ടി, ക്ലാസ് ടീച്ചർ

**മേഖല** : വൈജ്ഞാനികം

**ഉപമേഖല**: അക്ഷരകളരി

അക്ഷരജ്ഞാനമില്ലാത്ത കുട്ടികൾക്ക് കൗതുകമുണർത്തുന്ന കളികളിലൂടെയും സംഘപ്രവർത്തനങ്ങളിലൂടെയും അക്ഷരബോധം ഉറപ്പാക്കൽ

**ലക്ഷ്യം:**

ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് എല്ലാവരെയും പ്രാപ്തരാക്കുക.

സ്കൂൾ, വിദ്യാർത്ഥികളുടെ ഇഷ്ട ഇടമായി മാറ്റുക. എല്ലാ വിദ്യാർത്ഥികൾക്കും സ്വയം പ്രകാശനത്തിന് അവസരമൊരുക്കുക

**പ്രവർത്തനങ്ങൾ**

അക്ഷരബോധമില്ലാത്ത കുഞ്ഞുങ്ങളെ കണ്ടെത്തുക. (ഭാഷാദ്ധ്യാപകരുടെ സഹായം തേടുന്നു)

കുട്ടികൾ അക്ഷരജ്ഞാനം നേടാതെ പോയതിന്റെ യഥാർത്ഥ വശങ്ങൾ വ്യക്തിപരമായി തിരിച്ചറിയുന്നു. (കുട്ടികളുമായുള്ള അഭിമുഖം, ഗൃഹസന്ദർശനങ്ങൾ എന്നിവയിലൂടെ കുട്ടുകളുമായി കൂടുതൽ അടുക്കുകയും തുറന്നുപറയാനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു)

അക്ഷര കാർഡുകൾ ഉപയോഗിച്ച് പദങ്ങൾ നിർമ്മിക്കുന്നു.(ഉദാ: കുടുംബാംഗങ്ങളുടെ പേരുകൾ, സിനിമയുടെ പേരുകൾ, ഇഷ്ടതാരങ്ങളുടെ പേരുകൾ)

സ്വരചിഹ്നങ്ങളുടെ മോഡലുകൾ ഉപയോഗിച്ച് പുതിയ വാക്കുകൾ നിർമ്മിക്കൽ

പത്രങ്ങൾ, മാസികകൾ എന്നിവയിൽ നിന്ന് അക്ഷരങ്ങൾ, പദങ്ങൾ എന്നിവ കണ്ടെത്തൽ (സൗഹാർദ്ദ മത്സരം)

അനുഭവങ്ങൾ പങ്കുവയ്ക്കൽ (വാചികം)

പാട്ടുകെട്ടൽ, പദസൂര്യൻ, അനുഭവക്കുറിപ്പ് തയ്യാറാക്കൽ, ബാലമാസികകൾ വായിച്ച് കഥാംശം പങ്കുവയ്ക്കൽ

**ധനകാര്യ വിശകലനം**

പത്രങ്ങൾ, ബാലമാസികകൾ, ചിത്രങ്ങൾ, ഓഡിയോ, അക്ഷരമാതൃകകൾ-5,000

കാലയളവ് (ഒരുവർഷം) (9.00 - 10മണി വരെ)

പ്രതീക്ഷിക്കുന്ന വരുമാനം സ്റ്റാഫ് ഫണ്ട് : 5,000/-

**മേഖല:** സാംസ്കാരികം

**ഉപമേഖല:** അരങ്ങ്

കേരളീയ കലകളെ പരിചയപ്പെടുത്തുന്നതിന് വേണ്ടി കലാരംഗത്ത് പ്രവർത്തിക്കുന്ന പ്രതിഭകളെയും കലാരൂപങ്ങളെയും അരങ്ങിൽ എത്തിക്കുന്നു. അഭിമുഖം, സംവാദം എന്നിവയ്ക്ക് അവസരങ്ങൾ നൽകുന്നു.

**ലക്ഷ്യം**: ദേശം, ഭാഷ, കല, സംസ്കാരം എന്നിവയോട് ആഭിമുഖ്യം വളർത്തുക

**പ്രവർത്തനങ്ങൾ**

1. കുട്ടികളുടെ സാംസ്കാരികവേദി രൂപികരിക്കുക.
2. ചർച്ചകളിലൂടെ അഭിപ്രായസ്വരൂപണം നടത്തി ഓരോ വർഷവും അവതരിപ്പിക്കേണ്ട കലയേയും പങ്കെടുപ്പിക്കേണ്ട കലാകാരന്മാരെയും നിശ്ചയിക്കുക, ബന്ധപ്പെടുക
3. അവതരിപ്പിക്കപ്പെടുന്ന കലയെ ക്കുറിച്ച് പഠനങ്ങൾ നടത്തുകയും അഭിമുഖത്തിനും കുട്ടികളെ സജ്ജരാക്കുകയും ചെയ്യുക
4. സംഘാടനത്തിനായി കുട്ടികളെ നിയോഗിക്കുക
5. പ്രചാരണ പരിപാടികളെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക
6. ഡോക്യുമെന്റേഷൻ

**നിർവ്വഹണചുമതല**

എസ് ആർ ജി കൺവീനർ, വിദ്യാരംഗം കൺവീനർ, ഹെഡ്മാസ്റ്റർ, ജനപ്രതിനിധികൾ

**ധനകാര്യ വിശകലനം**

കലാകാരന്മാർക്കുള്ള പ്രതിഫലം : 10,000/-

പ്രചാരണം : 1500/-

പ്രതീക്ഷിക്കുന്ന വരുമാനം

സ്കൂൾ ഫ ̆ ̆ : 11500/-

കാലയളവ്: ഒരു വർഷം ഒരു പ്രോഗ്രാം

**മോണിറ്ററിങ്**

പി. റ്റി. എ പ്രസിഡ ̆, എച്ച്. എം, എസ് ആർ ജി കൺവീനർ, വിദ്യാരംഗം കൺവീനർ

**മേഖല**

സാഹിത്യം, സാംസ്കാരികം

**ഉപമേഖല**

സാഹിത്യ ശില്പശാല

സാഹിത്യമേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭവ്യക്തികളെ പങ്കെടുപ്പിച്ചുകൊ ̆ വിവിധസാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുകയും അഭിമുഖത്തിനും അനുഭവങ്ങളുടെ പങ്കുവയ്ക്കലുകൾക്കും അവസരം നല്കുന്നു. ശില്പശാലയിൽ പിറവിയെടുക്കുന്ന രചനകൾ വിലയിരുത്തുന്നതിനും പ്രകാശിപ്പിക്കുന്നതിനും അവസരം നല്കുന്നു.

**ലക്ഷ്യങ്ങൾ**

കലാസാഹിത്യ രംഗങ്ങളിൽ മികവ് തെളിയിക്കാനുള്ള അവസരം.

സ്വയം പ്രകാശനത്തിന് അവസരം നൽകുക.

സ്കൂൾ എന്റെ ഇഷ്ടയിടം എന്ന നിലയിൽ വിദ്യാലയം വിദ്യാർത്ഥിസൗഹൃദപരമായി വികസിപ്പിക്കുക

**പ്രവർത്തനങ്ങൾ**

1. സാഹിത്യക്ലബ് രൂപീകരിക്കുക
2. സാഹിത്യകാരന്മാരെ കണ്ടെത്തുക
3. സാഹിത്യകാരന്മാരെയും രചനകളെയും കുട്ടികൾക്ക് പരിചയപ്പെടുത്തുകയും കൃതികൾ കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുക

# ENGLISH AND HINDI

**മേഖല :** ആശയവിനിമയം

**ഉപമേഖല :** ഏകദിന ശില്പശാല (നാടകം)

ആശയവിനിമയം , അഭിനയം എന്നീ മേഖലകളിൽ ഊന്നൽ നൽകുന്നതിനായി ഭാഷാ വിദഗ്ദരെ ഉൾപ്പെടുത്തി ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

**ലക്ഷ്യങ്ങൾ :**

1. എല്ലാ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ്, ഹിന്ദി എന്നീ മേഖലകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് നേടുക.

2. സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കൽ.

**പ്രവർത്തനങ്ങൾ:**

1.ഇംഗ്ലീഷ് ക്ലബ്ബിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നു

2. ഇംഗ്ലീഷ്, ഹിന്ദി നാടകാഭിനയത്തിൽ പ്രാവീണ്യം നേടിയ വ്യക്തിയെ കണ്ടെത്തി ക്ഷണിക്കുന്നു.

3. പാഠഭാഗത്തെ അടിസ്ഥാനമാക്കി സ്ക്രിപ്റ്റ് തയ്യാറാക്കുന്നു.

4.കുട്ടികൾക്ക് നിർദേശങ്ങൾ നൽകി പരിശീലനം നൽകുന്നു.

5.അവതരണത്തിന് സ്കൂളിൽ അവസരം നൽകുന്നു.

**നിർവഹണച്ചുമതല :** ഇംഗ്ലീഷ് അധ്യാപകർ, ഹിന്ദി അധ്യാപകർ, പ്രധാനാദ്ധ്യാപിക,SRG കൺവീനർ.

**ധനകാര്യ വിശകലനം :** കലാകാരനു നൽകേണ്ട തുക :3000/-

**ഉപമേഖല :** സ്കൂൾ അസംബ്ലി

ഭാഷാനൈപുണ്യം കൈവരിക്കുന്നതിനായി ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ മാസത്തിൽ യഥാക്രമം രണ്ടാമത്തെയും നാലാമത്തെയും തിങ്കളാഴ്ചകളിൽ അസംബ്ലി നടത്തുന്നു.

**ലക്ഷ്യങ്ങൾ :**

1. ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാവീണ്യം നേടുന്നു.

2. ആത്മപ്രകാശനത്തിനു അവസരം ലഭിക്കുന്നു

3. ആശയവിനിമയത്തിനു അവസരം നൽകുന്നു.

**പ്രവർത്തനങ്ങൾ:**

1. അസംബ്ലിയുടെ ചുമതല ഓരോ ക്ലാസ്സിനെയും ഏൽപ്പിക്കുന്നു.

2.പത്രവായന, പ്രസംഗം, കവിത, സന്ദേശം എന്നിവ ക്ലാസ്സിലെ കുട്ടികൾക്ക് വിഭജിച്ചു നൽകുന്നു.

3. ക്ലാസ് ടീച്ചറും ഭാഷാദ്ധ്യാപകരും മേൽനോട്ടം വഹിക്കുന്നു.

**നിർവഹണച്ചുമതല :**ക്ലാസ്ടീച്ചർ, ഭാഷാദ്ധ്യാപകർ, ക്ലാസ്‌ലീഡർ

**മേഖല :** ഉച്ചാരണം

**ഉപമേഖല :** LANGUAGE LAB

ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തി ഓഡിയോ - വീഡിയോ പഠനാനുഭവങ്ങൾ നൽകുന്നു.

**ലക്ഷ്യങ്ങൾ :**

1.ഉച്ചാരണശുദ്ധി കൈവരിക്കുക.

2. സാഹിത്യകൃതികൾ കാണാനും കേൾക്കാനുമുള്ള അവസരം ലഭിക്കുന്നു.

3. വീഡിയോ കോൺഫെറൻസുകൾ നടത്താൻ അവസരം.

**പ്രവർത്തനങ്ങൾ :**

1.ലാബ് സജ്ജീകരിക്കുന്നു.

2. സി ഡി യുടെ സഹായത്തോടെ സിനിമകൾ പ്രദർശിപ്പിക്കുന്നു.

3.ഹെഡ്ഫോണുകൾ ഉപയോഗിച്ച് ശരിയായ ഉച്ചാരണം ലഭ്യമാക്കുന്നു.

4. പ്രമുഖരുമായി വീഡിയോ കോൺഫെറൻസുകൾ നടത്തുന്നു.

**നിർവഹണച്ചുമതല :** ഭാഷാദ്ധ്യാപകർ,പ്രധാനാദ്ധ്യാപിക, പി ടി എ പ്രസിഡൻറ്.

**ധനകാര്യവിശകലനം :** ഹെഡ്ഫോൺ : 15000/- സി ഡി : 500/- ആകെ :15500/-

**വരുമാനം :** പി ടി എ, സ്കൂൾ ഫണ്ട്.

**മേഖല :** എഴുത്ത്

**ഉപമേഖല :** ഇംഗ്ലീഷ് ഡയറി, ഹിന്ദി ഡയറി

എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കുവാനുമുള്ള ശേഷി വർധിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ :**

ഓരോദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിലും ഹിന്ദിയിലും ഡയറിയിൽ എഴുതുന്നു.

**ചുമതല :** ഇംഗ്ലീഷ്, ഹിന്ദി അധ്യാപകർ.

**മേഖല :** വായന

**ഉപമേഖല :** ഇംഗ്ലീഷ് കോർണർ - ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി വായനാവിഭവങ്ങൾ ഒരുക്കുന്നു.

**പ്രവർത്തനങ്ങൾ :**

ക്ലാസ്സുറികളിൽ ഇംഗ്ലീഷ് കഥകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ബാലമാസികകൾ എന്നിവയുടെ ശേഖരം ഒരുക്കുന്നു. കുട്ടികൾക്കു കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്തു ഇംഗ്ലീഷ് വാർത്തകൾപ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കുന്നു.

**ചുമതല :** ഇംഗ്ലീഷ് ക്ലബ്, ഇംഗ്ലീഷ് അധ്യാപകർ.

**ധനകാര്യവിശകലനം :** ആനുകാലികപ്രസിദ്ധീകരണങ്ങൾ : 1500/-

**വരുമാനം :** പി ടി എ ഫണ്ട്.

# Social science

**മേഖല: സാമൂഹ്യശാസ്ത്രം - ജീവിത വഴികളിലൂടെ**

**ലക്ഷ്യം**

1. ചരിത്രാവബോധം വളർത്തൽ
2. സാമൂഹിക ശാസ്ത്രവബോധം വളർത്തൽ
3. സാമൂഹിക ശാസ്ത്ര പഠനത്തിൽ ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ
4. ഭൂപട രചനാശേഷി വളർത്തൽ
5. പൗരബോധം രൂപപ്പെടുത്തൽ
6. ജനാധിപത്യ അവബോധം രൂപികരിക്കുക
7. നിയമബോധവൽക്കരണം
8. സമയനിർണ്ണയാവബോധം

**മേഖല:** ചരിത്രപഠനം

**ഉപമേഖല:** പഠനയാത്ര

**ലക്ഷ്യം:** ചരിത്രാവബോധം വളർത്തൽ

**പ്രവർത്തനങ്ങൾ**

1. പാഠഭാഗവുമായി ബന്ധപ്പെട്ട എടയ്ക്കൽ ഗുഹ, അമ്പലവയൽ മ്യൂസിയം, ജൈന ക്ഷേത്രം, പഴശ്ശികുടീരം എന്നീ ചരിത്രസ്മാരകങ്ങൾ സന്ദർശിക്കുന്നു.

2. പഠനത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികൾക്ക് കണ്ടറിഞ്ഞ് പഠിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നു.
3. ഏകദിന പഠനയാത്ര സംഘടിപ്പിക്കുന്നു.

**നിർവ്വഹണ ചുമതല**

Social science Club

SMDC

**ധനകാര്യ വിശകലനം**

| | | | | |
|---|---|---|---|---|
| PTA | 5000 | കുട്ടികൾ | - | 5000 |

**മേഖല**: സാമൂഹ്യശാസ്ത്രാവബോധം

**ഉപമേഖല**: നിർമാണ ശേഖരണ പ്രവർത്തനങ്ങൾ

**ലക്ഷ്യം**: സാമൂഹിക ശാസ്ത്രവബോധം വളർത്തൽ

**പ്രവർത്തനങ്ങൾ**

1. ഭൂമിയുടെ ഉള്ളറയെക്കുറിച്ചുള്ള പഠനത്തിനായി പ്ലാസ്റ്റർ ഓഫ് പാരീസ്, പെയിന്റ് എന്നിവ ഉപയോഗിച്ച് സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യ ത്തിൽ ഭൂമിയുടെ ഉള്ളറ നിർമ്മാണം.
2. വിവിധഭൂരൂപങ്ങളുടെ നിർമ്മാണം, വിവിധതരം മണ്ണുകൾ, ശിലകൾ, സ്റ്റാമ്പ്, നാണയം, കറൻസി, പുരാവസ്തുക്കൾ, ഫോസിൽ എന്നിവയുടെ ശേഖരണം.
3. സ്കൂൾതല സാമൂഹ്യശാസ്ത്രമേളയും പ്രദർശനവും നടത്തുന്നു.

**നിർവ്വഹണ ചുമതല** Social science Club

**ധനകാര്യ വിശകലനം** PTA 5000 കുട്ടികൾ - 5000

**മേഖല**: ICT സാധ്യതകൾ

**ഉപമേഖല:** ICT സാധ്യതകൾ സാമൂഹിക ശാസ്ത്ര പഠനമേഖലയിൽ

**ലക്ഷ്യം:** സാമൂഹിക ശാസ്ത്ര പഠനത്തിൽ ഐ്ടി സാധ്യത ഉപയോഗപ്പെടുത്തൽ

**പ്രവർത്തനങ്ങൾ**

ഡിജിറ്റൽ ആൽബനിർമ്മാണം

ജോഗ്രഫിയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളുടെ ഡിജിറ്റൽ ആൽബ നിർമ്മാണം കുട്ടികളുടെ നേതൃത്വത്തിൽ ചെയ്യുന്നു.

**നിർവ്വഹണ ചുമതല**

ടീരശമഹ രെശലിരല ജഹൗയ, കഠ രഹൗയ

**ധനകാര്യ വിശകലനം**

Social science Club - 500/-

**മേഖല**: ഭൂപട പരിജ്ഞാനം

**ഉപമേഖല:** ഭൂപട നിർമാണം

**ലക്ഷ്യം:** ഭൂപട രചനാശേഷി വളർത്തൽ

**പ്രവർത്തനങ്ങൾ**

1. പാഠഭാഗങ്ങളിലെ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ,കുട്ടികൾ ഗ്രൂപ്പുകളായി ക്ലാസിൽ ചെയ്യുന്നു.
2. ചാർട്ട് പേപ്പർ, കളർ, ഹാർഡ് ബോർഡ്, ചണച്ചാക്ക്, പ്ലാസ്റ്റർ ഓഫ് പാരീസ്, പെയിന്റ് എന്നിവ ഉപയോഗിക്കുന്നു.

**നിർവ്വഹണ ചുമതല**

Social science Teachers, Social science Club, SMDC

**ധനകാര്യ വിശകലനം**

PTA -1500 കുട്ടികൾ -500

**മേഖല:** പൗരബോധം

**ഉപമേഖല:** പൗരബോധ രൂപികരണം

**ലക്ഷ്യം:** പൗരബോധം രൂപപ്പെടുത്തൽ

**പ്രവർത്തനങ്ങൾ**

പ്രാദേശികമായി സാമൂഹികസേവന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളെ കണ്ടെത്തി ആദരിക്കുന്നു. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ- കേരള പിറവി ദിനത്തിൽ

**നിർവ്വഹണ ചുമതല**

Social science Club

**ധനകാര്യ വിശകലനം**

PTA - 1000

**മേഖല:** ജനാധിപത്യം

**ഉപമേഖല:** ജനാധിപത്യ അവബോധം

**ലക്ഷ്യം:** ജനാധിപത്യ അവബോധം രൂപികരിക്കുക

**പ്രവർത്തനങ്ങൾ**

ഇലക്ട്രോണിക് വോട്ടിങ്ങ് മെഷീൻ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്തുന്നു.

ഇന്ത്യയുടെ രാഷ്ട്രീയ നേതൃത്വ നിരയെ അടിസ്ഥാനമാക്കി എല്ലാ ക്ലാസിലും ആൽബം തയ്യാറാക്കി അതിനെ ക്രോഡീകരിച്ച് ഒരു സ്കൂൾ ആൽബമാക്കി മാറ്റുന്നു.

**നിർവ്വഹണ ചുമതല**

Social science Teacher, കുട്ടികൾ

**ധനകാര്യ വിനിയോഗം**

Social science Club - 1000

**മേഖല:** നിയമ പരിജ്ഞാനം

**ഉപമേഖല:** നിയമാവബോധം വളർത്തൽ

**ലക്ഷ്യം:** നിയമബോധവൽക്കരണം

**പ്രവർത്തനങ്ങൾ**

സൈബർ, ട്രാഫിക്, ഉപഭോക്തൃ നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി.

**നിർവ്വഹണ ചുമതല**

Social science Club, SMDC

**ധനകാര്യ വിഭാഗം**

PTA - 5000 കുട്ടികൾ - 5000

**മേഖല:** സമയ നിർണ്ണയം

**ഉപമേഖല:** നിഴൽഘടികാര നിർമ്മാണം

**ലക്ഷ്യം:** സമയനിർണ്ണയാവബോധം വളർത്തൽ

**പ്രവർത്തനങ്ങൾ**

ഒരു ചെടിച്ചട്ടിയിൽ ഒരു മീറ്റർ നീളമുള്ള കമ്പ് നാട്ടി സൂര്യപ്രകാശം നല്ലവണ്ണം ലഭിക്കുന്ന സ്ഥലത്ത് വയ്ക്കുന്നു. വ്യത്യസ്ത സമയങ്ങളിൽ കമ്പിന്റെ നിഴൽ എവിടെയാണെന്ന് കണ്ടെത്തി സമയം നിർണ്ണയിക്കുന്നു.

**നിർവ്വഹണ ചുമതല**

Social science Teacher, കുട്ടികൾ, Social science Club

**ധനകാര്യ വിനിയോഗം**

Social science Club - 500

## PHYSICAL EDUCATION

**കായിക മേഖലയുടെ പ്രാധാന്യം**

**ലക്ഷ്യം**

1. കുട്ടികളിൽ കായിക മേഖലയെ കുറിച്ചുള്ള അറിവും അതിനോടുള്ള താത്പര്യവും വളർത്തുന്നതിനായി അവരെ ഉൾപ്പെടുത്തികൊണ്ട് വിവിധതരം പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
2. സൗഹൃദ മത്സരങ്ങളിലൂടെ കുട്ടികൾ തന്നെ മത്സരം നടത്തുകയും അതിന്റെ നിയമങ്ങളെ പറ്റിയും ജീസ്യൂര - നെ പറ്റിയും ഒബ്യസശിഴ - നെ പറ്റിയും മനസ്സിലാക്കുന്നു.
3. കുട്ടികളിലെ വാർത്താവായന വർദ്ധിപ്പിക്കുകയും അവർക്ക് സ്പോർട്സ് വാർത്തകൾ വായിക്കാനും അറിവ് നേടാനുമായി അവസരം നൽകുകയും ചെയ്യുന്നു.
4. ഓരോ വ്യക്തിക്കും വ്യായാമം എത്ര ആവശ്യമാണ് എന്ന് മനസ്സിലാക്കി നൽകുകയാണ് യോഗ പരിശീലനത്തിലൂടെ.
5. യോഗ പരിശീലനത്തിലൂടെ പെൺകുട്ടികൾക്ക് ഒരു വ്യായാമം നൽകുക എന്നുള്ള ലക്ഷ്യം സാധ്യമാക്കുകയാണ്.

**മേഖല**

1. <u>**സൗഹൃദ മത്സരങ്ങൾ**</u>

ഇതിൽ കളിയുടെ താത്പര്യം വളർത്തുക എന്ന ഉദ്ദേശത്തോടെ രണ്ട് ക്ലാസ്സുകളെ ഉൾപ്പെടുത്തി അവർതന്നെ Court Mark ചെയ്ത് അതിനാവശ്യമായ സാധനങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കി അവ നിർമ്മിക്കുന്നു. Cards, Flag എന്നിവ.

**പ്രവർത്തനങ്ങൾ**

- ★ കുട്ടികളിൽ കളികളോടുള്ള താത്പര്യം വർദ്ധിപ്പിക്കുക.
- ★ കളിയുടെ നിയമങ്ങൾ മനസ്സിലാക്കുന്നു
- ★ ജീസ്യൂര - നെ പറ്റിയും ഒബ്യസശിഴ - നെ പറ്റിയും മനസ്സിലാക്കുന്നു

- ★ കളിയുടെ നിയന്ത്രണം മനസ്സിലാക്കുന്നതിന് വേണ്ടി അവർതന്നെ Red card, Yellow card, Green card എന്നിവ ഉണ്ടാക്കുന്നു, ഉപയോഗിക്കുന്നു.

### 2. Sports പത്രവാർത്ത

Sports -ന്റെ ഓരോ ദിവസത്തെയും വാർത്തകൾ കുട്ടികൾ മനസ്സിലാക്കുന്നതിനു വേണ്ടി അവരുടെ കൈവശമുള്ളതും അതാത് ക്ലാസ്സിലെ മറ്റ് കുട്ടികളിൽ നിന്നും ശേഖരിച്ചതുമായ വാർത്തകൾ കുട്ടികൾ ഓരോ ദിവസവും നോട്ടീസ് ബോർഡിൽ എല്ലാവർക്കും കാണത്തക്ക രീതിയിൽ ഇടുന്നു.

**പ്രവർത്തനങ്ങൾ**

- ★ ഓരോ ക്ലാസ്സിൽ നിന്നും ഒരു കുട്ടിയെ വീതം തിരഞ്ഞെടുത്ത് അവരുടെ നിർദ്ദേശ പ്രകാരം മറ്റ് കുട്ടികൾ വാർത്തകൾ ശേഖരിക്കുന്നു.
- ★ ഓരോ ദിവസത്തെയും വാർത്ത ആവർത്തിച്ച് വരാത്തരീതിയിൽ ഇടുക
- ★ ഏറ്റവും നല്ല രീതിയിൽ വാർത്തകൾ പ്രദർശിപ്പിക്കുന്ന ക്ലാസ്സിനെ തിരഞ്ഞെടുക്കുന്നു.

**നിർവ്വഹണ ചുമതല** Teachers, Students

**സമയം :** വർഷത്തിൽ എല്ലാ ദിവസവും

### 3. യോഗ പരിശീലനം

യോഗയെ കുറിച്ച് അറിവ് നൽകുകയും ശരീരത്തിൽ വ്യായാമത്തിനുള്ള പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നു. ഇതിൽ പെൺകുട്ടികൾക്ക് പ്രാധാന്യം നൽകുന്നു.

**പ്രവർത്തനങ്ങൾ**

- ★ ഹാൾ ഉപയോഗപ്രദമാക്കി പെൺകുട്ടികൾക്ക് വ്യായാമത്തിന്റെ ആവശ്യം മനസ്സിലാക്കികൊണ്ട് മറ്റൊരു വ്യക്തിയെ ഉൾപ്പെടുത്തി ക്ലാസ്സ് നടത്തുന്നു.
- ★ യോഗക്ക് ആവശ്യമായ സാധനങ്ങൾ കുട്ടികളോട് തന്നെ കൊണ്ടുവരാൻ പറയുന്നു.
- ★ സ്ഥിരമായി യോഗ ചെയ്യാൻ ആവശ്യപ്പെടുന്നു.
- ★ ഇടക്ക് ഇതിൽ ഉൾപ്പെട്ട കുട്ടികളെ ഒരുമിച്ച് കൂട്ടി അവരെ കൊണ്ട് വീണ്ടും ആവർത്തിച്ച് ചെയ്യിക്കുന്നു.

**നിർവ്വഹണ ചുമതല** Teachers, Students

ധനകാര്യ വിശകലനം പി.റ്റി.എ - 2000/-

**സമയം** വർഷത്തിൽ ഒരു പ്രാവശ്യം

## പ്രവൃത്തി പരിചയം

**തൊഴിൽ മേഖലയുടെ പ്രാധാന്യം**

**ലക്ഷ്യം**

1. കുട്ടികളിൽ പ്രവർത്തി പരിചയ മേഖലയെക്കുറിച്ചുള്ള അറിവും അതിനോടുള്ള താൽപര്യം വളർത്തുന്നതിനാൽ അവരെ ഉൾപ്പെടുത്തികൊണ്ട് വിവിധ തരം പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക
2. പ്രവർത്തി പരിചയ മത്സരങ്ങളിലൂടെ കുട്ടികൾ തന്നെ സ്കൂളിൽ നടത്തുകയും ഇവമഹസ ാമസശിഴ നെ ക്കുറിച്ചുള്ളത് മനസിലാക്കി പഠിക്കുകയും ചെയ്യുന്നു.
3. ഇവമഹസ ാമസശിഴ പരിശീലനത്തിലൂടെ അതിന്റെ ആവശ്യകതയും എങ്ങനെ സമൂഹത്തിന് ഉപയോഗപ്രദമാകുമെന്ന് അറിയുകയും ചെയ്യുന്നു.

## 1. CHALK MAKING

ഇതിലൂടെ കുട്ടികളിൽ താൽപര്യം വളർത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ രണ്ട്, മൂന്ന് ക്ലാസ്സുകൾ ഉൾപ്പെടുത്തി ഇവമഹസ ാമസശിഴ നടത്തുകയും അതിനാവശ്യമായ വസ്തുക്കൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കി അവ നിർമ്മിക്കുന്നു.

**പ്രവർത്തനങ്ങൾ**

- ★ കുട്ടികളിൽ പ്രവർത്തനത്തോട് ഉള്ള താൽപര്യം വർദ്ധിപ്പിക്കുന്നു.
- ★ ഇവമഹസ ാമസശിഴ നിയമങ്ങൾ മനസിലാക്കുന്നു.
- ★ ആവശ്യമുള്ള വസ്തുക്കളെപ്പറ്റി മനസിലാക്കുന്നു.
- ★ അസംസ്കൃത വസ്തുക്കളെക്കുറിച്ചും കളറുകളെക്കുറിച്ചും പ്രൈമറി കളറുകളും സെക്കണ്ടറി കളറുകളും നിർമ്മിക്കാൻ കുട്ടികൾ കഴിവ് നേടുന്നു.

## 2. FABRIC PAINTING

കുട്ടികളിൽ എമയ്യശര ജമശിഴ ചെയ്യുന്നത് എങ്ങനെയെന്നും സാരി, ചുരിദാർ എന്നിവയിൽ എങ്ങനെ ചെയ്യും എന്നും കുട്ടികൾ ബോധവാന്മാരാകുന്നു. ക്ലാസ്സുകൾ തമ്മിലുള്ളതും സ്കൂളിൽ മൊത്തമായുള്ളതുമായ മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

- ★ കുട്ടികളിൽ മത്സരങ്ങൾ നടത്തുകയും അതിൽനിന്ന് ഒരു കുട്ടിയെ തിരഞ്ഞെടുത്ത് അവരുടെ നിർദേശ പ്രകാരം കാര്യങ്ങൾ നടത്തുന്നു.
- ★ ഏതെല്ലാം ജമശിഴ കൾ കൂട്ടികലർത്തി മറ്റുള്ള കളറുകൾ ഉണ്ടാക്കാം എന്ന് ബോധവാന്മാരാകുന്നു.
- ★ ഏതെല്ലാം വസ്തുക്കൾ വേണം എന്ന് അറിയാൻ കഴിയുന്നു. പോപ്ളിൻ തുണി, കാർബൺ പേപ്പർ, ട്രെയിനിങ് പേപ്പർ ഫ്രെയിം എന്നിവയെക്കുറിച്ചുള്ള അറിവ് നേടുന്നു.

**സാമ്പത്തികം** ചിലവ് - 4500

**സമയം** ദീർഘകാലം (1 വർഷം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അത്ഭുതകണ്ണിലൂടെ- കൌതപകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നല്കുന്നു. മോഡലുകളുടെ നിർമ്മാണം, പാഠവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം, ലഘു പ്രോജക്റ്റുകളുടെ അവതരണം | അക്കാദനിക വർഷം | സയൻസ് അധ്യാപകർ | സ്കൂൾ ഫണ്ട് |
| ശാസ്ത്രലോകത്തേയ്ക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ അവതരിപ്പിച്ച സെമിനാർ പേപ്പറുകളിൽ മെച്ചപ്പെട്ടവ പൊതുവേദികളിൽ അവതരിപ്പിക്കാൻ അവസരം നല്കുന്നു. കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം. ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദനിക വർഷം | സയൻസ് അധ്യാപകർ | സ്കൂൾ ഫണ്ട് |
| ഹൈടെക് വേൾഡ് – മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്രലൈബ്രറി, സ്കൂൾ ശാസ്ത്രമാസിക പ്രസിദ്ധീകരിക്കുക. സയൻസ് ലാബ്, ഐ ടി ലാബ് എന്നിവ നവീകരിക്കുന്നു | അക്കാദനിക വർഷം | സയൻസ് അധ്യാപകർ | സ്കൂൾ ഫണ്ട് |
| ആയുർ രേഖ – പരിസ്ഥിതി സൌഹൃദമനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ തയ്യാറാക്കി സൂക്ഷിക്കുന്നു. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദനിക വർഷം | സയൻസ് അധ്യാപകർ | സ്കൂൾ ഫണ്ട് |

ബയോളജി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മഴക്കാലശുചീകരണം മാലിന്യ സംസ്കരണം | ഡ്രൈ ഡേ ആചരണം ബോധവൽക്കരണ ബോർഡ് സ്ഥാപിക്കുക | ജൂൺ 5,6 | ഹെൽത്ത് ക്ലബ്, | 1000 രൂപ സ്കൂൾ ഫണ്ട് |

| | | | | |
|---|---|---|---|---|
| | | | പരിസ്ഥിതി ക്ലബ് | |
| മഴക്കാലരോഗപ്രതിരോധം | ബോധവൽക്കരണ ക്ലാസ്. കുട്ടികൾക്കിടയിലെ സർവേ | ജൂൺ | ഹെൽത്ത് ക്ലബ്, ടീൻസ് ക്ലബ് | 500 രൂപ സ്കൂൾ ഫണ്ട് |
| ലഹരി നിർമ്മാർജ്ജനം | ജാഗ്രതാ ബ്രിഗേഡ് രൂപീകരണം ബോധവൽക്കരണ ക്ലാസ്. (എക്സൈസ്) | അക്കാദമിക വർഷം | SPC, JRC, NCC, Antidrug Club | 5000 രൂപ സ്കൂൾ ഫണ്ട് |
| ശാസ്ത്രമേള | സ്കൂൾ തല ശാസ്ത്രമേള സംഘാടനം | ആഗസ്റ്റ് | സയൻസ് അധ്യാപകർ | 8000 രൂപ സ്കൂൾ ഫണ്ട് |
| രക്തദാനദിനാചരണം | രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് പോസ്റ്റർ രചനാമത്സരം | ജൂൺ 14 ഒരാഴ്ച | സയൻസ് ക്ലബ് | 2000 രൂപ സ്കൂൾ ഫണ്ട് |
| വായനാദിനം | ശാസ്ത്ര പുസ്തക പ്രദർശനം | ജൂൺ ഒരാഴ്ച | സയൻസ് ക്ലബ് | 1000 രൂപ സ്കൂൾ ഫണ്ട് |
| ഇൻസ്പെയർ അവാർഡ് | ശാസ്ത്ര ബോധവൽക്കരണ ക്ലാസ്. | ആഗസ്റ്റ് | സയൻസ് ക്ലബ് | |
| ലിംഗനീതി | രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്. | ആഗസ്റ്റ് | സയൻസ് ക്ലബ് | 1000 രൂപ സ്കൂൾ ഫണ്ട് |
| പ്രഥമശുശ്രൂഷ | പ്രഥമശുശ്രൂഷാ ക്ലാസ് | സെപ്റ്റംബർ | JRC, NCC, Scouts, Guides | 1000 രൂപ സ്കൂൾ ഫണ്ട് |
| ഭക്ഷ്യദിനം | സമീകൃതാഹാരത്തേക്കുറിച്ച് ബോധവൽക്കരണ ക്ലാസ്. | ഒക്ടോബർ | ഹെൽത്ത് ക്ലബ് | 1000 രൂപ സ്കൂൾ ഫണ്ട് |

**മേഖല: ഗണിതം**

ലക്ഷ്യം:

1. ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുക
2. ഗണിതരൂപങ്ങളോടുള്ള താൽപര്യം വർദ്ധിപ്പിക്കുക

3. അളവുകളെപ്പറ്റിയുള്ള ധാരണ

4. ചതുഷ്ക്രിയകളുടെ ഉപയോഗം

**ഉപമേഖല:**

## 1. ഗണിതലാബ്

ഗണിതത്തിന് പിന്നോട്ട് നിൽക്കുന്ന കുട്ടികൾക്ക് ഗണിതത്തോടുള്ള താൽപര്യം ജനിപ്പിക്കുന്നതിനായി വിവിധതരം ഗണിതരൂപങ്ങൾ നിർമ്മിച്ച് ലാബ് സജ്ജീകരിക്കുന്നു.

പ്രവർത്തനങ്ങൾ

ഗ്ലാസ് , തെർമോകോൾ, കാർഡ് ബോർഡ് ഷീറ്റ്, സൺപാക്ക് ഇവ ഉപയോഗിച്ച് കുട്ടികളെക്കൊ ് വിവിധ തരത്തിലുള്ള ഗണിതരൂപങ്ങളെ നിർമ്മിതിയിലൂടെ കുട്ടികൾക്ക് ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. പി.ടി.എ യുടെ സഹായത്തോടെ വിവിധ തരത്തിലുള്ള ഗണിത മോഡലുകൾ ലാബിലേക്ക് വാങ്ങു ന്നതിനുള്ള അവസരം സജ്ജമാക്കുന്നു. കമ്പ്യൂട്ടർ, പ്രൊജക്ടർ ഇവയുടെ സാധ്യതകൾ ലാബിൽ സജ്ജമാക്കുക.

നിർവഹണ ചുമതല: ഗണിതാധ്യാപകർ, ക്ലാസ് ലീഡർമാർ

ധനകാര്യ വിശകലനം

| | | |
|---|---|---|
| ഗണിതരൂപങ്ങളുടെ നിർമ്മാണം | - 10,000 | - (കുട്ടികൾ, മാനേജർ) |
| അളവുപാത്രങ്ങളുടെ ശേഖരണങ്ങൾ | - 10,000 | - (മാത്സ് ലാബ്) |
| ലൈബ്രറി പുസ്തകങ്ങൾ | - 10,000 | - (പി.ടി.എ) |

**ഉപമേഖല**

## ഗണിത പൂന്തോട്ടം

കുട്ടികളിൽ ജ്യാമിതീയ രൂപങ്ങളോടുള്ള താൽപര്യം ഉണർത്തുന്നതിനായി വിവിധ തരത്തിലുള്ള കുറ്റിച്ചെടികളും ചീര പോലുള്ള ചെടികളും ഉപയോഗിച്ച് ഗണിത രൂപങ്ങളിൽ പൂന്തോട്ടം നിർമ്മിക്കുന്നു.

പ്രവർത്തനങ്ങൾ

കുട്ടികളിൽ നിന്ന് വിവിധ തരത്തിലുള്ള ചെടികൾ ശേഖരിക്കുന്നു. ത്രികോണം, ചതുരം മുതലായ ബഹുഭുജ രൂപങ്ങളിൽ കുട്ടികളുടെ സഹായത്തോടെ ചെടികൾ നടു ന്നു. പൂന്തോട്ടം നിർമ്മിക്കാനാവശ്യമായ സ്ഥലം സ്കൂൾ പരിസരത്ത് കണ്ടെത്തുന്നു.

നിർവഹണ ചുമതല

ഗണിതാധ്യാപകർ, ക്ലാസ് ടീച്ചർ, സ്കൂൾ ലീഡർ, ക്ലാസ് ലീഡർ

**ഉപമേഖല**

## ഗണിത അളവുകളുടെ ശേഖരണം

വ്യത്യസ്ത അഭിരുചിയുള്ള കുട്ടികൾക്ക് ഗണിത അളവുകളെ കുറിച്ചുള്ള ധാരണ ഉ ാക്കുന്നതിന് വിവിധ തരത്തിലുള്ള ഗണിത അളവുകളുടെ ശേഖരണം നടത്തുന്നു.

പ്രവർത്തനം

1. കുട്ടികളിൽ നിന്ന് അവർക്ക് ലഭ്യമാകുന്ന അളവുകൾ ശേഖരിക്കുന്നു.
2. അളവുകോൽ, 1 കി.ഗ്രാം, 1 ലിറ്റർ ഇവയുടെ അളവു പാത്രങ്ങൾ ശേഖരിക്കുന്നു.
3. പി.ടി.എയുടെ സഹായത്തോടെ വിവിധ തരത്തിലുള്ള അളവുകോൽ, അളവു പാത്രങ്ങൾ, തൂക്കം അളക്കാനുള്ള ഉപകരണങ്ങൾ ഇവ ശേഖരിക്കുന്നു.
4. അളവുകളെ കുറിച്ച് ധാരണയില്ലാത്ത കുട്ടികൾക്ക് ഗണിതാധ്യാപകരുടെ സഹായത്തോടെ അവ പരിചയപ്പെടുത്തുന്നു.

നിർവഹണ ചുമതല : ഗണിതാധ്യാപകർ, ക്ലാസ് ലീഡർമാർ

## ഗണിത ലൈബ്രറി

ഗണിതത്തോട് താൽപര്യം കുറവുള്ള കുട്ടികൾക്ക് ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനായി ഗണിത പുസ്തക വായന ശീമാക്കുന്നതിനായി ഗണിത ലൈബ്രറി നിർമ്മിക്കുന്നു.

പ്രവർത്തനങ്ങൾ

1. കുട്ടികളിൽ നിന്നും ലഭ്യമാകുന്ന ഗണിത പുസ്തകങ്ങൾ ശേഖരിക്കുന്നു.

2. പി.ടി.എയുടെ സഹായത്തോടെ ഗണിത പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറിയുടെ ഒരു ഭാഗം ഗണിത പുസ്തകങ്ങളുടെ ശേഖരണ മേഖലയാക്കുന്നു.

3. ഗണിതാധ്യാപകരുടെ സഹായത്തോടെ ലൈബ്രറിയിൽ നിന്നും ഗണിത പുസ്തകങ്ങൾ ശേഖരിച്ച് വായിക്കാനും അതിന് പ്രോത്സാഹമാകുന്ന രീതിയിൽ ക്വിസ്സ് മത്സരങ്ങളും സംഘടിപ്പിക്കുന്നു.

നിർവ്വഹണ ചുമതല

ഗണിതാധ്യാപകർ, ലൈബ്രേറിയൻ

**ഉപമേഖല**

## ചതുഷ്ക്രിയകളുടെ ഉപയോഗം

ചതുഷ്ക്രിയകളായ കൂട്ടൽ ,കുറക്കൽ, ഗുണനം, ഹരണം ഇവയുടെ ഉപയോഗം വശമില്ലാത്ത കുട്ടികൾക്ക് അവ എളുപ്പമാക്കുന്നതിനായി നടത്തുന്ന പ്രവർത്തനം

പ്രവർത്തനങ്ങൾ

1. വിവിധ തരത്തിലുള്ള മാത്സ് ഗെയിംസ് നടത്തുന്നു.
2. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന ചാർട്ടുകളുടെ നിർമ്മിതി.
3. അബാക്കസ് പരിശീലനം

നിർവഹണ ചുമതല : ഗണിതാധ്യാപകർ

Maths

ലക്ഷ്യം

8,9,10 ക്ലാസുകളിലെ കുട്ടികൾക്ക് ഗണിത-ത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പി-ക്കാനുള്ള പ്രവർത്തനം

പ്രവർത്തനം

* ചതുഷ്ക്രിയകൾ

1 മുതൽ 7 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിലെ ഗണിതപ്രശ്ങ്ങൾ/ആശയങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.

മുൻക്ലാസ്സുുള്ളിലെ ഗണിത പാഠപുസ്തകങ്ങൾ ക്ലാസ്സിൽ കുട്ടികൾക്ക് ലഭ്യമാക്കുന്നു.

ജ്യാമിതീയ നിർമിതികൾ കൃത്യതയോടെ ചെയ്യാനുള്ള പരിശീലനം (Protractor, Scale, Compass)

കാലം

ജൂൺ

അധ്യായനവർഷം മുഴുവൻ

ജൂൺ, സെപ്റ്റംബർ

ചുമതല

ഗണിത അധ്യാപകർ മാതാപിതാക്കൾ

ഗണിത അധ്യാപകർ

ഗണിത അധ്യാപകർ ഗിഫ്റ്റഡ് സ്റ്റുഫൻസ്

കുട്ടികളിൽ ഗണിത അഭിരുചി, താൻപര്യം  എന്നിവ വർധിപ്പിക്കാർ & ആവശ്യമായ പ്രവർത്തനങ്ങൾ

ഗണിതപൂക്കളം

ജോമെട്രിക്കാൽ ചാർട്ട്

8,9,10 ക്ലാസുള്ളിലെ പാഠപുസ്-തകങ്ങളിലെ സൈഡ് ബോക്സ് Geogebra കുട്ടികളെ പരിശീലിപ്പിക്കുന്നു.

ഓരോ ക്ലാസ്സിലെയും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്ന

* class Test

* class test വഴി കണ്ടെത്തിയ കുട്ടിയെ peer group സഹായത്തോടെ പഠനവിടവ് നികത്തുന്നു.

പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തുന്നു.

* class Test

അധിക പഠനപ്രവർത്തനങ്ങൾ നൽകുന്നു.

10-ാം ക്ലാസ്സിലെ കുട്ടികൾക്ക് 30% മാർക്ക് ലഭിക്കുക.

* എല്ലാ പാഠഭാഗങ്ങളിലെയും പ്രധാന ആശയങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ

കാലം

ജൂലൈ ഓഗസ്റ്റ്

അധ്യാനവർഷം മുഴുവാൻ

ഗണിത അധ്യാപകർ Little kites

ist Term

ist Term

Peer Group

1st Team

ഗണിത അധ്യാപകർ

അധ്യായന വർഷം മുഴുവൻ

10 ാ ം ക്ലാസ്സിലെ മികച്ച കുട്ടികൾക്ക് A + Grade ലഭ്യമാക്കുക.

ഓരോ പാഠത്തിലെയും മുഴുവൻ ആശയങ്ങൾ ഉറപ്പിക്കുക

അധികപ്രവർത്തനങ്ങൾ നൽകുക.

* മുൻവർഷങ്ങളിലെ ചോദ്യങ്ങൾ പരിചയപ്പെടുത്തുക

* Extra ക്ലാസ്സുകൾ സംഘടി-പ്പിക്കുക.

Subject experts ന്റെ ക്ലാസ്സുകൾ നൽകുന്നു.

അധ്യായനവർഷം മുഴുവൻ

August, November February

എല്ലാ മാസവും മൂന്ന് ടേമിലും

ഗണിത അധ്യാപകർ

Subject experts

ദിനാചരണങ്ങൾ

ഗണിതശാസ്ത്രജ്ഞന്മാർ

*Pl Day - March 14

* Fibonacci Day. Nov 23

* National Mathematical Day-Dec 22

March, November December

Mathematics club

Social Science

സാമൂഹികജീവി എന്ന നിലയിൽ സാമൂഹ്യപ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ബാലവേല ചൂഷണം പോലെയുള്ള സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ പ്രവർത്തനങ്ങൾ ( പ്രതിഷേധ റാലി ഗ്രഹ സന്ദർശനം സഹായശേഖരണം സെമിനാർ മുതലായവ )

പ്രശ്നബാധിതരുമായി അഭിമുഖം

അധ്യാന വർഷം മുഴുവൻ

അധ്യാപക രക്ഷിതാക്കൾ

ജനാധിപത്യ മൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക

എസ് എസ് ക്ലബ് പ്രവർത്തനങ്ങൾ

ക്ലാസ് തല സ്കൂൾതല തെരഞ്ഞെടുപ്പ്

സവിശേഷ വിഷയങ്ങളിൽ ആശയസംവാദങ്ങൾ

ജൂൺ ജൂലൈ

അധ്യാപകർ എസ് എസ് ക്ലബ്

ശാസ്ത്രസാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തനാക്കുക

ജിഐഎസ് ജിപിആർഎസ് സൗകര്യങ്ങൾ ഉപയോഗിച്ച് കൃഷിയിടങ്ങൾ വ്യവസായിക സ്ഥാപനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തിയുള്ള താരതമ്യ പഠനം

ഓഗസ്റ്റ് സെപ്റ്റംബർ

എസ് ഐ ടി സി  സോഷ്യൽ സയൻസ് ക്ലബ്

ചരിത്ര അപബോധം ഉണ്ടാകുന്നതിനും ചരിത്ര പഠനം രസകരമായി അനുഭവപ്പെടുന്നതിനുമായി ഒരു ചരിത്രം മ്യൂസിയം

വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ കുട്ടികൾ രക്ഷിതാക്കൾ തുടങ്ങിയവയിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും മറ്റു പൈതൃക വസ്തുക്കളും പുരാരേഖകളും സൂക്ഷിക്കാനുള്ള മ്യൂസിയം ഒരിക്കൽ.

ഒക്ടോബർ

അധ്യാപകർ രക്ഷിതാക്കൾ എസ് എസ് ക്ലബ്

ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം തിരിച്ചറിയാനും ദേശീയബോധം ഉറപ്പിക്കാനും ദേശീയോദ്ഗ്രഥന ക്യാമ്പ്

കുട്ടികളെ വിവിധ സംസ്ഥാനങ്ങളുടെ വേഷമണിയിച്ച് സാംസ്കാരിക വിനിമയ പരിപാടികൾ അവതരിപ്പിക്കുന്നു.

നവംബർ

അധ്യാപകർ എസ് എസ് ക്ലബ്

ദിനാചരണങ്ങൾ

പരിസ്ഥിതി ദിനം ജൂൺ 5

ലോക ബാലവേല വിരുദ്ധ ദിനം - ജൂൺ 12

പതാകദിനം - ജൂൺ 14

Wind Day -  ജൂൺ 15

ഹിരോഷിമ നാഗസാക്കി ദിനം - ഓഗസ്റ്റ് 6 9

സ്വാതന്ത്ര്യദിന പരിപാടികൾ-  ആഗസ്റ്റ് 15

മലയാളം

ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് എല്ലാവരെയും പ്രാപ്തരാക്കുക സ്കൂൾ വിദ്യാർത്ഥികളുടെ ഇഷ്ട ഇടമായി മാറ്റുക എല്ലാ വിദ്യാർത്ഥികൾക്കും സ്വയം പ്രകാശത്തിന്അവസരമൊരുക്കുക

പ്രവർത്തനങ്ങൾ

അക്ഷര ബോധമില്ലാത്ത കുട്ടികളെ കണ്ടെത്തുക

കുട്ടികൾ അക്ഷരജ്ഞാനം നേടാതെ പോയതിന്റെ യഥാർത്ഥ വശങ്ങൾ വ്യക്തിപരമായി തിരിച്ചറിയുന്നു.

അക്ഷരക്കാടുകൾ ഉപയോഗിച്ച് പദങ്ങൾ നിർമ്മിക്കുന്നു (ഉദാ കുടുംബാംഗങ്ങളുടെ പേരുകൾ സിനിമയുടെ പേരുകൾ ഇഷ്ടതാരങ്ങളുടെ പേരുകൾ)

സ്വര ചിഹ്നങ്ങളുടെ മോഡലുകൾ ഉപയോഗിച്ച് പുതിയ വാക്കുകൾ നിർമ്മിക്കൽ

പത്രങ്ങൾ മാസികകൾ എന്നിവയിൽ നിന്ന് അക്ഷരങ്ങൾ പദങ്ങൾ എന്നിവ കണ്ടെത്തൽ

അനുഭവങ്ങൾ പങ്കുവെക്കൽ

പാട്ട് കെട്ടൽ പദസൂര്യൻ അനുഭവക്കുറിപ്പ് തയ്യാറാക്കൽ ബാല മാസികകൾ വായിച്ച കഥാംശം പങ്കുവയ്ക്കും

ജൂൺ ജൂലൈ ഓഗസ്റ്റ്

ഭാഷ അധ്യാപകർ

കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക വായനക്കൂട്ടം വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക വായന സാമൂതിരികൾ കണ്ടെത്തി വികസിപ്പിക്കുക

വായന കുട്ടൻ രൂപീകരണം

ക്ലാസ് ലൈബ്രറി

ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

ചുമർ പത്രിക ഒരിക്കൽ

വായനോത്സവം സംഘടിപ്പിക്കാൻ

വായനക്കുറിപ്പ് പതിപ്പ്

സാഹിത്യ ശാഖകൾ എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ

ഒരു അധ്യായന വർഷം

ഭാഷാധ്യാപകർ ലൈബ്രേറിയൽ വിദ്യാരംഗം കലാസാഹിത്യ വേദി

3.കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക

മത്സരങ്ങൾ സംഘടിപ്പിക്കാതെ എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക

കഥാ ക്യാമ്പ്, കവിത ക്യാമ്പ്

ചുമർ പത്രിക ഒരിക്കൽ

രചന ശില്പശാല

ഒരു അധ്യായന വർഷം

ഭാഷ അധ്യാപകർ

ലൈബ്രറി വിദ്യാരംഗം കലാസാഹിത്യ വേദി

4. സർഗ്ഗ കൾ കണ്ടത്തിലും വികസിപ്പിക്കലും

വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണം

വീഡിയോ പ്രദർശനം

ജൂൺ

മുഴുവൻ അധ്യാപകർ

5.സ്കൂൾ ഗ്രന്ഥശാല

ശാക്തീകരണം

ക്ലാസ് ലൈബ്രറി രൂപീകരണം

സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും

വായനാ മൂലകൾ വായനാമുറി സൗകര്യം ഒരുക്കൽ

ജൂൺ - ഡിസംബർ

ഭാഷാ അധ്യാപകർ ലൈബ്രറിയൻ

English

1. മുൻസിപ്പൽ ലാംഗ്വേജ് ലാബ് ഉപയോഗിച്ച് ഉച്ചാരണം സ്ട്രെസ്സ് ഇൻഡോണക്ഷൻ മുതലായവ എല്ലാ കുട്ടികളിലും ഉറപ്പിച്ച് ഇംഗ്ലീഷ് ഭാഷ പോഷിപ്പിക്കുക.

ഇംഗ്ലീഷ് ഉച്ചാരണം സ്ട്രെസ് ഇൻറർനാഷണൽ എന്നിവയ്ക്ക് ഊന്നൽ

ICT സാധ്യതക്കുള്ളിൽ പാഠഭാഗം വിനിമയം ഗ്രാമർ സാധ്യത

ജൂൺ

ഇംഗ്ലീഷ് അധ്യാപകർ

റിസോഴ്സ് ടീച്ചർ

2.ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള ശേഷി വളർത്തിയെടുക്കാൻ

ഇംഗ്ലീഷിലുള്ള പ്രാവീണ്യം മനസ്സിലാക്കാനുള്ള പരിശോധന

ഇംഗ്ലീഷ് ഡയറി ദിവസവും എഴുതുന്നതിനുള്ള ശ്രമം

ഇംഗ്ലീഷിലുള്ള വാർത്ത വിനിമയം

എല്ലാ ക്ലാസുകളിലും ഇംഗ്ലീഷ് ന്യൂസ് പേപ്പർ വിതരണം ചെയ്യുക.

അധ്യാന വർഷം മുഴുവൻ

ഇംഗ്ലീഷ് അധ്യാപകർ

3.ഇംഗ്ലീഷ് അസംബ്ലി

മാസത്തിൽ രണ്ട് തവണ അസംബ്ലി നടപടികളെല്ലാം ഇംഗ്ലീഷിൽ

(. Prayer ,prayer, pledge, introductory speech)

ഓരോ ക്ലാസിലും ആസൂത്രണവും പരിശീലനവും

അധ്യായന  വർഷം മുഴുവൻ

ക്ലാസ് തല ഇംഗ്ലീഷ് ക്ലബ്

4.ഇംഗ്ലീഷ് ഫെസ്റ്റ്

ഇംഗ്ലീഷ് നാടകം കവിത പ്രസംഗ ശിൽപ്പശാലകൾ എന്നിവയുടെ തുടർച്ചയായി വർഷത്തിലൊരിക്കൽ ഇംഗ്ലീഷ് ഫെസ്റ്റ്

നവംബർ

ഇംഗ്ലീഷ് അധ്യാപകർ

5. ഇംഗ്ലീഷ് ലൈബ്രറി

ക്ലാസ് തലത്തിൽ ഇംഗ്ലീഷ് പുസ്തകങ്ങളാൽ സമ്പന്നമായ ലൈബ്രറി

പുസ്തകങ്ങൾ തരംതിരിക്കൽ, വിതരണം

6. ICT സാധ്യതകൾ ലോകമാക്ഷിയായ ഇംഗ്ലീഷ് പഠനത്തിന് ഉപയുക്തമാക്കൽ

പാഠഭാഗവുമായി ബന്ധപ്പെട്ട കവിത കേൾപ്പിക്കൽ വീഡിയോ പ്രദർശനം കൊളാഷ് നിർമ്മാണം കത്ത് തയ്യാറാക്കൽ ചോദ്യം മാതൃക തയ്യാറാക്കൽ

അധ്യയന വർഷം മുഴുവൻ

ഇംഗ്ലീഷ് അധ്യാപകർ

7.സർഗ്ഗശേഷി വികസനം

ഇംഗ്ലീഷ് പ്രസംഗ പരിശീലനം

സ്കിറ്റ്, ഡ്രാമ, കോൺവെർസേഷൻ

Hindi

പൊതുവായ ലക്ഷ്യങ്ങൾ

* എല്ലാ കുട്ടി കളും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനും ഉള്ള കഴിവുള്ളവരാകുക.

* ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമായി മാറുക

* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികളിൽ ഭാഷയോട് താല്പര്യവും ദേശസ്നേഹവും വളർത്തിയെടുക്കുക.

June-September

പ്രവർത്തനങ്ങൾ

കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക

സന്ദർഭോചിതമായ സംഭാഷണം തയ്യാറാക്കുന്ന  ക്ലാസ് മുറിയിൽ കുട്ടികൾ അവതരിപ്പിക്കുന്നു

തിരക്കഥ തയ്യാറാക്കാൻ

പാഠപുസ്തകത്തിലെ കഥകൾ പഠിച്ച് തിരക്കഥ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു

ജൂലൈ ഓഗസ്റ്റ്

ഹിന്ദി അധ്യാപകർ

പോസ്റ്റർ നിർമ്മാണം

പാഠപുസ്തകത്തെ അടിസ്ഥാനമാക്കി വിവിധ പോസ്റ്ററുകൾ നിർമ്മിച്ച പ്രദർശിപ്പിക്കുന്നു

സെപ്റ്റംബർ

ഹിന്ദി ക്ലബ്ബ് ഹിന്ദി അധ്യാപകർ

ഡയറി കത്ത് നിർമ്മാണം

പുസ്തകത്തിലെ വിവിധ സാഹചര്യങ്ങളിൽ അടിസ്ഥാനമാക്കി ഡയറിയും കത്തും എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുന്നു

ഒക്ടോബർ നവംബർ

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും ഹിന്ദി എഴുതാനും വായിക്കാനുള്ള പരിശീലനം നൽകുക

ചിത്രങ്ങളും ചാറ്റുകളും ഐസിടി ഉപയോഗിച്ച് അക്ഷരങ്ങൾ കൃത്യതയോടെ  എഴുതുവാനും വായിക്കുവാനുള്ള പരിശീലനം നൽകുന്നു.

ജൂൺ നവംബർ

ഹിന്ദി അധ്യാപകർ

നാമം  സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുക

പാഠപുസ്തകത്തിലെ ഭാഗങ്ങൾ നൽകി പേരുകൾ സർവ്വനാമം പ്രത്യേകം വിശേഷണമാക്കുകൾ എന്നിവ തിരിച്ചറിഞ്ഞ് എഴുതുക

ജൂലൈ സെപ്റ്റംബർ

ഹിന്ദി അധ്യാപകർ

അക്ഷരങ്ങൾ ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് എഴുതാനും വായിക്കുവാനുള്ള പരിശീലനം ഉച്ചാരണം പരിചയപ്പെടുത്തുക

വർണ്ണമാല അടങ്ങിയ കാർഡുകൾ ചിത്രങ്ങൾ നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു ഓഡിയോ വീഡിയോ സഹായത്തോടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

ജൂൺ ഒക്ടോബർ

വായിച്ച് ആശയം മനസ്സിലാക്കി അവതരിപ്പിക്കാനുള്ള പരിശീലനം

ഏറ്റെടുത്ത് പദസൂര്യൻ എന്നിവ നൽകുന്നു ചിത്രകഥകൾ കാർട്ടൂണുകൾ എന്നിവ നൽകി വായന പ്രോത്സാഹിപ്പിക്കുന്നു.

ജൂലൈ സെപ്റ്റംബർ

ഹിന്ദി അധ്യാപകർ

Physical Science

Physics chemistry വിഷയങ്ങളിൽ അടിസ്ഥാന അറിവുകൾ നേടുന്നതിന്. 8 9 10 കുട്ടികൾക്ക് ഗണിതക്രിയകൾ മൂലകങ്ങളും യൂണിറ്റുകൾ പദമൂലം എന്നിവ ഗ്രൂപ്പ് തിരിച്ചു കുട്ടികളിലേക്ക് എത്തുന്നു.

ജൂൺ

ഫിസിക്സ് കെമിസ്ട്രി അധ്യാപകരും തിരഞ്ഞെടുത്ത കുട്ടികളും

ലാബ് പരിചയപ്പെടുത്തൽ

എട്ടാം ക്ലാസിലേക്ക് പുതുതായി വന്ന വിദ്യാർത്ഥികൾക്ക് ലാബ് ലാബ് ഉപകരണങ്ങൾ ലാബ് പ്രവർത്തനങ്ങൾ എന്നിവ ഡിവിഷൻ അടിസ്ഥാനത്തിൽ പരിചയപ്പെടുത്തുന്നു.

ജൂൺ ജൂലൈ

ഫിസിക്സ് കെമിസ്ട്രി അധ്യാപകർ

ഫിസിക്സ് കെമിസ്ട്രി വിഷയങ്ങളിൽ എ പ്ലസ് എണ്ണം വർദ്ധിപ്പിക്കുന്നതിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനും

യൂണിറ്റസ്റ്റ് നടത്തി പഠനം നിലവാരം കണ്ടെത്തി എ പ്ലസ് കിട്ടാൻ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി അധിക പ്രവർത്തനങ്ങൾ നൽകുന്നു.പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകുന്നതിന് ആവശ്യമായ സ്റ്റഡി മെറ്റീരിയൽ നൽകുന്നു.

ഓഗസ്റ്റ് സെപ്റ്റംബർ.

ഫിസിക്കൽ സയൻസ് ടീച്ചേഴ്സ്

സയൻസ് കോർണർ

ഓരോ ക്ലാസിലും തെരഞ്ഞെടുക്കപ്പെട്ട സയൻസ് ക്ലബ് അംഗങ്ങളെ ഉൾപ്പെടുത്തി സയൻറിഫിക് ടൈമർ എന്ന പേരിൽ സയൻസ് ബോർഡ് നിർമ്മിക്കുന്നു.സയൻസ് റിലേറ്റഡ് പേപ്പർ റൈറ്റിംഗ് ഡെയിലി ക്വിസ് എബൗട്ട് സയന്റിസ്റ്റ് സയൻസ് പസിൽഎന്നിവ ബോർഡിൽ പ്രദർശിപ്പിക്കുന്നു

അധ്യായന  വർഷം മുഴുവൻ

സയൻസ് ക്ലബ് അംഗങ്ങൾ

ശാസ്ത്രോത്സവം

ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്ര അഭിരുചി  വളർത്താനും ശാസ്ത്രോത്സവം.

സ്കൂൾ ശാസ്ത്രമേള

ശാസ്ത്ര ഉപകരണ നിർമ്മാണ ശില്പശാല

ലഘു പരീക്ഷണങ്ങളുടെ നിർവഹണം മോഡൽ നിർമ്മാണം

ശാസ്ത്ര ക്വിസ്

ജൂൺ ജൂലൈ ഓഗസ്റ്റ്

ശാസ്ത്ര അധ്യാപകർ

ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യങ്ങളും ഉൾക്കൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികാസം

വാനനിരീക്ഷണവും ക്ലാസും ജ്യോതിശാസ്ത്ര സമസ്യകൾക്ക് ഉത്തരം ലഭിക്കുന്നതരം പഠന പ്രവർത്തനങ്ങൾ

ഒക്ടോബർ ഡിസംബർ

ഫിസിക്കൽ സയൻസ് അധ്യാപകർ

ശാസ്ത്ര പ്രതിമകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ

പ്രതിഭകൾക്ക് പ്രത്യേക പരിശീലനം

ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖം

സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം (NMMS)

ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (  ICT)

പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോ ആനിമേഷൻ വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങൾ ഉപയോഗിച്ച് പാഠാവതരണത്തിനും  ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ

അധ്യായന വർഷം മുഴുവൻ

ഫിസിക്കൽ സയൻസ് അധ്യാപകർ